# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**

**ഫോൺ : 0484-2422271**

(രജിസ്റ്റ® ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പ® : കെ.എസ്.എ.ഇ.കെ.എം.(പി.8) 1784/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 27/12/2024
ഇ-മെയി® :
doekm.ksad@kerala.gov.in
ഫോ® : 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്

സ® ,

**വിഷയം : കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥക® പ്രകാരം കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോ® ട്ട് 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടം 23(1)® നി® ദ്ദേശിക്കുന്ന പ്രകാരമുള്ള തുട® നടപടിക® ക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോ® ട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോ® ട്ട് കൈപ്പറ്റിയാലുട® ഇതി® പരാമ® ശിക്കുന്ന ക്രമക്കേടുക® ക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പക® പ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോ® ട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോ® ട്ട് വിശദമായി ച® ച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോ® ട്ടിന്റെയും അതിന്മേ® എടുത്ത തീരുമാനത്തിന്റെയും പക® പ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോ® ട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതി® ഉ® പ്പെടുന്ന ഓഡിറ്റ് പരാമ® ശങ്ങ® / തടസ്സങ്ങ® ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോ® ട്ട് പ്രസ്തുത കാലയളവിനുള്ളി® ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം സെക്ഷ® 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പക® പ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പ® : കെ.എസ്.എ.ഇ.കെ.എം.(പി.8) 1784/2024 തീയ്യതി: 27/12/2024

**എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ®ഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുത® 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളി® നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റി® കണ്ടെത്തിയ അപാകതക® അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയി® പ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുക® ന® കിയതി® 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോ® ട്ടി® ഉ® പ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി® ന്മേലുള്ള തുട® നടപടിക® സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തി® നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോ® ട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമ® ശങ്ങ® 13-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തി® അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങ® മാത്രമാണ് ഓഡിറ്റ് റിപ്പോ® ട്ടി® ഉ® പ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം ന® കിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തി® തയ്യാറാക്കി ഈ റിപ്പോ® ട്ടി® ഉ® പ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തി® മറ്റൊരു ഓഡിറ്റ് ഏജ® സി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. എം.വി.സിനി | ജോയിന്റ് ഡയറക്ടർ | 05-12-2024 | 13-12-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-12-2024 | 13-12-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.അജിമോൻ.പി.പി., ഓഡിറ്റ് ഓഫീസർ
ശ്രീ.നവാസ് സി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ടിനു കെ.ജെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.കിരൺ കെ.എസ്, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ജോർജ്ജ് ഫ്രാൻസീസ് | പ്രസിഡന്റ് | 01-04-2023 | 03-07-2023 |
| ശ്രീ.സണ്ണി സെബാസ്റ്റിൻ | പ്രസിഡന്റ് | 04-07-2023 | 26-07-2023 |
| ശ്രീ.സുജിത്ത് ബേബി | പ്രസിഡന്റ് | 27-07-2023 | 31-03-2024 |
| ശ്രീ.മാത്യു കെ.ടി. | സെക്രട്ടറി | 01-04-2023 | 31-03-2024 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ |
|---|---|---|
| ശ്രീമതി.രമണി എം.ടി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 |
| ശ്രീമതി.അജിതകുമാരി.കെ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 11-07-2023 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 02-09-2023 |
| ശ്രീമതി.സിബി കൊന്താലം | അസിസ്റ്റന്റ് സെക്രട്ടറി | 08-09-2023 |
| ശ്രീ.ജോമോൻ ടി.പി. | അസി.എഞ്ചിനീയർ | 01-04-2023 |
| ശ്രീമതി.അശ്വതി ടി വാസു | കൃഷി ഓഫീസർ | 01-04-2023 |
| ശ്രീ.സന്തോഷ് പി.എം. | വി.ഇ.ഒ.നാഗപ്പുഴ | 01-04-2023 |
| ശ്രീ.സന്തോഷ് പി.എം. | വി.ഇ.ഒ.കല്ലൂർക്കാട് (ഇൻ ചാർജ്ജ്) | 01-04-2023 |
| ഡോ.ഇന്ദിര പി.വി. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2023 |
| ഡോ.ബ്ലെസ്സി പോൾ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. | 01-04-2023 |
| ഡോ.ജോസീന ജേക്കബ്ബ് | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. | 25-06-2023 |
| ശ്രീമതി.ലിജി പി.എം. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 |
| ശ്രീമതി.ജിലൂഷിൻ തോമസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 27-06-2023 |
| ശ്രീമതി.ലിൻസി ജോൺ | ഹെഡ്മിസ്ട്രസ് ഗവ.യു.പി.എസ്. | 01-04-2023 |
| ശ്രീമതി.ആതിര ചന്ദ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 |
| ശ്രീമതി.എലിസബത്ത് സി.ജോർജ്ജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 03-08-2023 |
| ഡോ.കൃഷ്ണപ്രിയ ആർ.എസ്. | വെറ്റിനറി സർജൻ | 01-04-2023 |
| ഡോ.എഡിസൺ മാത്യൂ. | വെറ്റിനറി സർജൻ | 08-01-2024 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത. | 1-1-3 |
| 5 | ആസ്തി രജിസ്റ്ററിലെ അപാകതകൾ | 1-1-4 |
| 6 | സി.എഫ്.സി. ഗ്രാന്റ് പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല. | 1-1-6 |
| 8 | സി.ഡി.എസ്. ന് മുൻകൂർ നൽകിയ തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മാലിന്യസംസ്ക്കരണം - ഹരിതകർമ്മസേനയിലൂടെ | 1-10 |
| 18 | തൊഴിൽ നികുതി അപാകതകൾ | 1-11 |
| 19 | ഷോപ്പിംഗ് കോംപ്ലക്സ് വാടക - അപാകതകൾ | 1-12 |
| 20 | ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് കുറവ് വന്ന ലൈസൻസ് ഫീസ് അടവാക്കി | 1-13 |
| 21 | ലൈസൻസ് ഫീസ് അപാകതകൾ | 1-14 |
| 22 | മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ 6.26 ലക്ഷം രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു. | 1-15 |
| 23 | മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച ഫണ്ട്- 9.25 ലക്ഷം വിനിയോഗിച്ചിട്ടില്ല. | 1-16 |
| 24 | പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകിയ മുൻകൂർ - 2.23 ലക്ഷം രൂപ ക്രമീകരിച്ചിട്ടില്ല. | 1-17 |
| 25 | നിക്ഷേപ പ്രവൃത്തികൾ- 8.68 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. | 1-18 |
| 26 | മഴക്കാല പൂർവ്വ ശുചീകരണം- ശുചിത്വ മിഷന് വേണ്ടി വിനിയോഗിച്ച തനത് ഫണ്ട് തിരികെ ലഭിച്ചിട്ടില്ല- ₹1,50,000 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 27 | അനർഹമായി വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷനുകൾ തിരിച്ചടവ്- നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-20 |
| 28 | കുടിവെള്ള ടാപ്പുകൾ വിഛേദിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല-2,89,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |

| | | |
|---|---|---|
| 29 | വീട് വാസയോഗ്യമാക്കൽ പ്രോജക്ട് ലക്ഷ്യം നേടിയില്ല. | 1-22 |
| 30 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് പ്രവർത്തനസജ്ജമായില്ല. - ₹2,04,900 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 31 | ലൈഫ് ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ - പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചില്ല. | 1-24 |
| 32 | ഘടക സ്ഥാപനങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങൽ- നിർവ്വഹണത്തിലെ അപാകതകൾ- ₹14,625 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 33 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയത് സംബന്ധിച്ച്- രേഖകൾ ഹാജരാക്കിയില്ല | 1-26 |
| 34 | ആശ്രയ പദ്ധതി - അനുവദിച്ച് തുക മുഴുവനും ചെലവഴിച്ചില്ല. | 1-27 |
| 35 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വർക്ക് – സാധനങ്ങൾ വാങ്ങിയതിന് ഒറിജിനൽ ബില്ലുകൾ ഇല്ല. | 1-28 |
| 36 | ഇ ടെണ്ടർ ഇനത്തിൽ ലഭിച്ച തുക ഗ്രാമ പഞ്ചായത്തിലേക്ക് സമയബന്ധിതമായി കൈമാറിയില്ല. | 1-29 |
| 37 | നിർമ്മാണ പ്രവൃത്തികൾ കരാർ വ്യവസ്ഥയ്ക്ക് വിപരീതമായി വൈകി പൂർത്തീകരിച്ചു. | 1-30 |
| 38 | മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു. | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1

## പൊതു അവലോകനം

**1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്**

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷ® 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങ® 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവ®മെന്റ്/ കേന്ദ്ര ഗവ®മെന്റ്, ധനകാര്യ കമ്മീഷ®, മറ്റ് ഫണ്ടിംഗ് ഏജ®സിക® എന്നിവർ കാലാകാലങ്ങളി® പുറപ്പെടുവിക്കുന്ന മാ®ഗ്ഗനി®ദ്ദേശങ്ങളും പാലിക്ക® നി®ദ്ദേശങ്ങളും അനുസരിച്ച് **24.05.2024** ലെ **1(1)** –ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **31.05.2024** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുക®ക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ** മാ®ച്ച് 2024 ൽ അവസാനിച്ച വ®ഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2024** തീയതി വരെയുള്ള ബാല®സ് ഷീറ്റും ഉ®പ്പെടുന്ന സാമ്പത്തിക പ്രസ്താവനക® ഞാ® ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുക® തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാ®ഷ്യ® ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG ന®കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാ®ഷ്യ® ഓഡിറ്റിനുള്ള മാ®ഗ്ഗനി®ദ്ദേശങ്ങ®ക്കും അനുസരിച്ചാണ് ഞാ® എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനക® വസ്തുതാപരമായ തെറ്റിദ്ധാരണകളി® നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാ® ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങ®/മാ®ഗ്ഗനി®ദ്ദേശങ്ങ® ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുക® പരിശോധിക്കുന്നത് ഓഡിറ്റി® ഉ®പ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റി® ഉ®പ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് ന®കുമെന്ന് ഞാ® വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാ®ഷ്യ® ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും ന®കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോ®ട്ടിലെ എന്റെ നിരീക്ഷണങ്ങ®ക്ക് വിധേയമായി ഞാ® ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം** അനുബന്ധ റിപ്പോ®ട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തി® വിവരിച്ചിരിക്കുന്ന കാര്യങ്ങ® ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങ®ക്ക് വിധേയമായി, **കല്ലൂർക്കാട് ഗ്രാമ പഞ്ചായത്തിന്റെ** 2023-24 വ®ഷത്തേക്കുള്ള വാ®ഷിക സാമ്പത്തിക പ്രസ്താവനക® സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം ന®കുന്നു.

**സ്ഥലം : എറണാകുളം**

**തീയതി : 27/12/2024**

**ഡെപ്യൂട്ടി ഡയറക്ടർ**

**1–1–1 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.**

വസ്തുനികുതി കണക്കുകൾ വാർഷിക ധനകാര്യപത്രിക, സഞ്ചയകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1–1–2 എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.**

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ ( കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) ) ഉൾപ്പെടുത്തിയിട്ടില്ല.

**1–1–3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 23-24 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹45,89,120/- ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് -₹60,239/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

**1–1–4 ആസ്തി രജിസ്റ്ററിലെ അപാകതകൾ**

നിലവിലുള്ള അസറ്റ് രജിസ്റ്ററിന്റെ രൂപകൽപന പിന്തുണക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അസറ്റ് മൂല്യം അസറ്റ് രജിസ്റ്ററിൽ കണ്ടെത്താനാകുന്നില്ല.

**1-1-5 സി.എഫ്.സി. ഗ്രാന്റ് പൊരുത്തപ്പെടുന്നില്ല.**

സി.എഫ്.സി. നീക്കിയിരുപ്പ് തുക, ആസ്തി ബാദ്ധ്യത കണക്കുകളിലെ ബി.4 ഷെഡ്യൂൾ , ബി.17 ഷെഡ്യൂൾ എന്നിവ തമ്മിൽ ₹8913/- യുടെ വ്യത്യാസം കാണുന്നു. ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പ് തുക കുറവാണ്.

**1-1-6 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല.**

പ്രോജക്ട് നമ്പർ 124/24 പ്രകാരം പൊതുടാപ്പുകൾ റദ്ദാക്കുന്നതിന് ജല അതോറിറ്റിക്ക് മുൻകൂറായി നൽകിയ ₹2,89,000/- ഡെപ്പോസിറ്റ് വിത്ത് വാട്ടർ അതോറിറ്റി എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

**1-1-7 സി.ഡി.എസ്. ന് മുൻകൂർ നൽകിയ തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല.**

പ്രോജക്ട് നമ്പർ 9/24 പ്രകാരം അഗതികൾക്ക് ഭക്ഷണ കിറ്റ് വിതരണം ചെയ്യുന്നതിനായി സി.ഡി.എസ്. ന് മുൻകൂറായി നൽകിയ ₹200,000/- അഡ്വാൻസ് ടു സി.ഡി.എസ്. എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല. ഈ തുക പൂർണ്ണമായും ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ചിട്ടില്ല.

**1-2 ബജറ്റ്**

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 24.03.2024 ലെ 1-ാം നമ്പർ പ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് 28.03.2023 ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ബജറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 19.1.2024 ലെ 1-ാം നമ്പർ പ്രകാരം പരിഷ്കരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് പഞ്ചായത്ത് കമ്മിറ്റി 31.01.2024 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുമുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് | | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹16,50,656 | ₹16,50,656 |
| വരവ് | ₹15,10,05,835 | ₹15,50,41,304 |
| ആകെ | **₹15,26,56,491** | **₹15,66,91,960** |
| ചെലവ് | ₹15,07,47,835 | ₹15,36,31,748 |
| നീക്കിയിരുപ്പ് | ₹19,08,656 | ₹30,60,212 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

**1-3 സാമ്പത്തിക വിശകലനം**

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹80,59,704 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹2,82,42,965 |
| ആകെ | : | **₹3,63,02,669** |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹2,36,53,845 |
| നീക്കിയിരുപ്പ് | : | ₹1,26,48,824 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരംവരവ് | ആകെ | ചെലവ് | ബാങ്ക് നീക്കിയിരുപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 9201000 | 9201000 | 8253569 | | 947431 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2371000 | 2371000 | 2092224 | | 278776 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 138000 | 138000 | 78617 | | 59383 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 5874650 | 5874650 | 4580886 | | 1293764 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | 2499400 | 2499400 | 2498266 | | 1134 |
| സി.എഫ്.സി – ബേസിക്ക് | 253243 | 1577581 | 1830824 | 841012 | 989812 | |
| സി.എഫ്.സി –ടൈഡ് | 1089346 | 1143000 | 2232346 | 1337080 | 895266 | |
| അദർ സ്കീംസ് 320100152 | 0 | 14485 | 14485 | 0 | 14485 | |
| റൂറൽ ഹൌസിങ്ങ് 320100160 | 0 | 2400000 | 2400000 | 1760000 | 640000 | |
| സ്വച്ച് ഭാരത് അഭിയാൻ 320100174 | 0 | 725467 | 725467 | 725467 | 0 | |
| വെസ്റ്റേൺ ഗട്ട് വികസന ഫണ്ട് 320100186 | 200000 | 0 | 200000 | 0 | 200000 | |
| നിർമൽ പുരസ്കാരം 320100191 | 101204 | 0 | 101204 | 0 | 101204 | |
| ഐ.സി.ഡി.എസ്. 320100196 | 14323 | 836990 | 851313 | 570925 | 280388 | |
| ലിറ്ററസി സ്കീം 320100197 | 0 | 4241 | 4241 | 4241 | 0 | |
| ശുചിത്വമിഷൻ ഗ്രാന്റ് 320100198 | 426894 | 0 | 426894 | 203670 | 223224 | |
| കേരളോത്സവം 320100199 | 1430 | 0 | 1430 | 1430 | 0 | |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ 320100202 | 168182 | 675518 | 843700 | 283510 | 560190 | |
| ഹെൽത്ത് ഗ്രാന്റ് വെൽനസ് സെന്റർ 320100204 | 0 | 314078 | 314078 | 17000 | 297078 | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 320200304 | 77278 | 0 | 77278 | 0 | 77278 | |
| സ്പെഷ്യൽ പർപ്പസ് 320200399 | 125384 | 100000 | 225384 | 200139 | 25245 | |
| അദർ ഗവ. ഏജൻസീസ് 320300199 | 23979 | 0 | 23979 | 0 | 23979 | |

*കുറിപ്പ്:*

- വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹15,25,929/- ഉൾപ്പെടുന്നുണ്ട്.
- വികസന ഫണ്ട് ജനറൽ ചെലവ്, ₹ 82,22,316/- റവന്യൂ ചെലവും ₹31,253/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.
- വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹3,00,114/- ഉൾപ്പെടുന്നുണ്ട്.
- വികസന ഫണ്ട് ടി.എസ്.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹28,617/- ഉൾപ്പെടുന്നുണ്ട്.
- സി.എഫ്.സി അൺടൈഡ് ഗ്രാന്റ് ചെലവിൽ ₹43/- ബാങ്ക് ചാർജ്ജസ് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.
- സി.എഫ്.സി ടൈഡ് ഗ്രാന്റ് ചെലവ് , ₹9,89,342/- റവന്യൂ ചെലവും ₹3,47,738/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത്. എണ്ണം | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ. എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 180 | ₹9,91,92,571 | ₹3,05,11,496 | 121 | 59 | 0 | 67.22 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | ₹295 | ₹771 | ₹1,066 | 0 | ₹1,066 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | ₹1,42,75,360 | ₹1,42,75,360 | ₹1,42,75,360 | 0 |
| ആകെ | **₹295** | **₹1,42,76,131** | **₹1,42,76,426** | **₹1,42,75,360** | **₹1,066** |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതി യുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1,905,600.00 | 160 |
| വിധവാപെൻഷൻ | 3,541,600.00 | 341 |
| വാർദ്ധക്യകാല പെൻഷൻ | 13,314,200.00 | 1286 |
| വികലാംഗപെൻഷൻ | 16,26,900.00 | 144 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 467,200.00 | 43 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.12.2024 തീയതിയിൽ ഉച്ചയ്ക്ക് 3 മണിക്ക് ഹെഡ് ക്ലർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹15580.00 ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല.**

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മേണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും

തന്നെ മോണിറ്ററിങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മരാമത്ത് വേലകളുടെ ഫയലുകളിൽ മോണിറ്ററിങ് റിപ്പോർട്ട് എഴുതി വച്ചിട്ടുണ്ടെങ്കിലും സമിതിയുടെ ചെയർമാൻ, കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവർ ഒപ്പുവച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

**ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ- കാര്യക്ഷമമല്ല.**

ഗ്രാമപഞ്ചായത്തിന്റെ 1996-97 മുതൽക്കുള്ള 25ഓളം ഓഡിറ്റ് റിപ്പോർട്ടിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കാത്തതു കൊണ്ടാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള അഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം പഞ്ചായത്ത് പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

**ഗുണഭോക്താക്കളുമായി ഏർപ്പെടുന്ന കരാർ.**

വ്യക്തിഗത ആനുകൂല്യങ്ങൾക്കായി തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുമ്പോൾ ഏർപ്പെടേണ്ട കരാർ ക്രമപ്രകാരം വ്യവസ്ഥകൾ ഉൾപ്പെടുത്തി ഇരുകക്ഷികളും ഒപ്പിട്ട് സൂക്ഷിക്കുന്നില്ല. ഉദാഹരണത്തിന് വീട് മെയിന്റനൻസിന് വേണ്ടി ഗുണഭോക്താക്കൾക്ക് മുൻകൂർ നൽകുമ്പോൾ അവർ കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ എല്ലാ വ്യക്തിഗത ഫയലുകളിലും കരാർ എന്ന രീതിയിൽ ബ്ലാങ്ക് മുദ്രപ്പത്രങ്ങൾ ആണ് സൂക്ഷിച്ചിട്ടുള്ളത്. കരാറുകൾ വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ബന്ധപ്പെട്ട കക്ഷികൾ ഒപ്പിട്ട് സൂക്ഷിക്കേണ്ടതാണ്.

**1-10 മാലിന്യസംസ്കരണം - ഹരിതകർമ്മസേനയിലൂടെ**

കേരള പഞ്ചായത്ത് രാജ് നിയമം 166 (1)-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേരള സ® ക്കാ® നടപ്പാക്കുന്ന ഹരിത കേരള മിഷ® പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബ® മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളി® ഹരിതക® മ്മസേനാ രൂപീകരണം നടന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ മേഖലയി® പ്രവ® ത്തിക്കുന്ന ഈ സംഘടനാ സംവിധാനം സ® ക്കാ® ഉത്തരവിന്റെ അടിസ്ഥാനത്തി® തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസ® ഫീ വാങ്ങി പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ജൈവ മാലിന്യത്തിന്റെയും വാതി® പ്പടി ശേഖരണം നടത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യ മുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ ലക്ഷ്യം. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന.

കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനാ ഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

**ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ**

| ഗ്രാമ പഞ്ചായത്തിന്റെ പേര് | കല്ലൂർക്കാട് |
|---|---|
| വാർഡുകൾ | 13 |
| ജനസംഖ്യ | 13337 |
| ആൾ താമസമുള്ള വീടുകളുടെ എണ്ണം | 3686 |
| പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 340 |
| ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം | 17 |
| ഹരിതകർമ്മസേന മാലിന്യം ശേഖരിക്കുന്ന വീടുകളുടെ എണ്ണം | 2929 |

| | |
|---|---|
| ഹരിതകർമ്മസേന മാലിന്യം ശേഖരിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 325 |

**ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.08.2020-ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ വലിയ മാറ്റമാണ് വരുത്തിയിട്ടുള്ളത്. 17 ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. ഹരിതമിത്രം ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതികവിദ്യയുടെ വിന്യാസവും സാധ്യമാക്കുന്നതിനുള്ള നടപടിക® സ്വീകരിച്ച് വരുന്നു. യൂസർഫീ കാർഡ് മുഖേന വീട്ടുകളിൽനിന്നും ₹50/-, സ്ഥാപനങ്ങളിൽ നിന്നും ₹100/- എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി വരുന്നു. അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണമാണ് നടപ്പിലാക്കിയിരിക്കുന്നത്.

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി**

ഹരിത കർമ്മസേനയുടെ പ്രവർത്തനഫലമായി മികച്ച രീതിയിൽ മാലിന്യ ശേഖരണം നടത്തിവരുന്നു, പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള 10 മിനി എംസിഎഫുകളിലേക്ക് എത്തിക്കുകയും അവിടെ നിന്നും കല്ലൂരിൽ സ്ഥാപിച്ചിട്ടുള്ള പുതിയ എംസിഎഫ്, കല്ലൂർക്കാട് സ്ഥിതി ചെയ്യുന്ന പഴയ എം.സി.എഫ് എന്നിവയിൽ എത്തിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. വിവിധ വാർഡുകളിൽ സ്ഥാപിച്ചിരിക്കുന്ന മിനി എം.സി.എഫുകളിൽ നിന്നും യഥാസമയം മാലിന്യം നീക്കം ചെയ്യുന്നുണ്ട്. 3 വാർഡുകളിൽ മിനി എംസിഎഫ് ഇല്ല.

**അടിസ്ഥാന സൗകര്യങ്ങൾ**

2023-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ S0144/24 പ്രോജക്ട് മുഖേന പുതിയ എംസിഎഫ് നിർമ്മിക്കുകയും, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പഴയ എം.സി.എഫ് കെട്ടിടവും പുതിയ എം.സി.എഫ് കെട്ടിടവും സംഭരണത്തിന് ഉപയോഗിക്കുന്നുണ്ട്. പുതിയ എംസിഎഫിന് 834 Sqft ഉം പഴയ കെട്ടിടത്തിന് 600 Sqft ഉം വലിപ്പമുണ്ട് . ഇതി® 80% വരുന്ന ഏരിയ സ്റ്റോറേജായും 20% ഏരിയ സോർട്ടിംഗിനായും ഉപയോഗിച്ചുവരുന്നു. പുതിയ കെട്ടിടത്തിൽ ശുചിമുറി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ബെയിലിംഗ് മെഷീ® സ്ഥാപിച്ചിട്ടില്ല. ഉറവിടത്തി® നിന്നുതന്നെ സെഗ്രഗേഷൻ നടത്തിയാണ് എം.സി.എഫി® എത്തിക്കുന്നത്. വെയിംഗ് മെഷീ® സ്ഥാപിച്ചിട്ടുണ്ട്. പുതിയ എം.സി.എഫിൽ ഫയർ ഓഡിറ്റ് നടത്തിയിട്ടില്ല. മാലിന്യം നീക്കം ചെയ്യുന്നതിന് വാടക വാഹനമാണ് ഉപയോഗിക്കുന്നത്.





ചിത്രം: പുതിയ എം.സി.എഫ്



ചിത്രം: പഴയ എം.സി.എഫ്

**ശുചിത്വ മാനദണ്ഡങ്ങൾ**

മാലിന്യങ്ങ® അലക്ഷ്യമായി കൂട്ടിയിടാതെ സ്റ്റോറേജ് ഏരിയയി® മാത്രം സൂക്ഷിച്ചിട്ടുണ്ട്. മാലിന്യം തിരയുന്നതിനായി സേനാംഗങ്ങൾക്ക് രണ്ട് തരം ഗ്ലൗസുകളും റെയി® കോട്ടും, ഷൂവും വിതരണം ചെയ്തിട്ടില്ല. ഇവ നൽകുന്നതിന് 2024-25 വർഷം പ്രോജക്ടിൽ ചെലവ് വകയിരുത്തിയിട്ടുണ്ട്.

**മാലിന്യ ശേഖരണ കലണ്ടർ**

| ഇനം | ശേഖരിക്കുന്ന മാസം |
|---|---|
| പഴയ ചെരുപ്പ്, ബാഗ്, തെർമ്മോകോൾ | ജനവരി, ഏപ്രി® , ജൂലൈ, ഒക്ടോബർ |
| കുപ്പി, കുപ്പിച്ചില്ലുകൾ, കണ്ണാടി | ഫെബ്രുവരി, മേയ്, ആഗസ്റ്റ്, നവംബ® |
| ഇ - മാലിന്യം | മാർച്ച്, ജൂൺ, ഡിസംബ® |
| മരുന്ന്, സ്ട്രിപ്പുകൾ, തുണി | സെപ്റ്റംബ® |

**മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ**

മാലിന്യ ശേഖരണത്തിനുള്ള കലണ്ടർ പ്രകാരമാണ് മാലിന്യങ്ങൾ ശേഖരിക്കുന്നത്. മാലിന്യം നീക്കം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാണ്. ഹരിതമിത്രം ആപ്പ് പ്രവർത്തനങ്ങളുടെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും ക്യൂആർ കോഡ് പതിപ്പിക്ക® 95% പൂർത്തീകരിച്ചിട്ടുണ്ട്. മാസത്തിൽ 10 മുത® 25 വരെയുള്ള ദിവസങ്ങളിലാണ് വീടുകളിലെയും സ്ഥാപനങ്ങളിലെയും കളക്ഷൻ നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ ഒരു ലോഡിനടുത്ത് പ്ലാസ്റ്റിക്ക് മാലിന്യവും കുറച്ച് ലെഗസി മാലിന്യവും പഴയ എം.സി.എഫിലും കാൽ ലോഡിനടുത്ത് പുതിയ എം.സി.എഫിലും അവശേഷിക്കുന്നു.

**യൂസർഫീ വിവരങ്ങൾ**

2023-24 വർഷം 9.49 ടൺ മാലിന്യം ശേഖരിച്ച് ആയത് ക്ലീൻ കേരള കമ്പനിക്ക് കൈമാറിയതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഓഡിറ്റ് വർഷം യൂസർഫീ ഇനത്തിൽ ₹14,85,400/-യും ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ₹1,36,000/-യും ലഭിച്ചിട്ടുണ്ട്. ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് ₹94,900/- നൽകിയിട്ടുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനം സ്വീകരിക്കാൻ വിമുഖത കാട്ടുന്നവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സേവനം നിയന്ത്രിക്കുന്നത് അടക്കമുള്ള നടപടികളിലൂടെ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും, കുട്ടികളുടെ ഹരിതസഭ, വ്യാപാരി വ്യവസായികളുടെ മീറ്റിങ്ങ്, കുടുംബശ്രീ മീറ്റിങ്ങ് എന്നിവയിലൂടെ ജന പങ്കാളിത്തം ഉറപ്പ് വരുത്താനും കഴിഞ്ഞിട്ടുണ്ട്.

**തൊഴിൽ സൃഷ്ടിക്കൽ**

2023-24 സാമ്പത്തിക വർഷത്തി® 170 തൊഴി® ദിനങ്ങ® സൃഷ്ടിച്ചിട്ടുണ്ട്. യൂസർ ഫീ ആയി ലഭ്യമാകുന്ന വാർഡ് അടിസ്ഥാനത്തിലുള്ള തുക അംഗങ്ങൾക്കിടയിൽ തുല്യമായി വീതിക്കുകയും, പത്ത് ശതമാനം കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി കോർപ്പസ് ഫണ്ടിലേക്ക് നീക്കിവെക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുകയും ചെയ്തുവരുന്നു. ശരാശരി ₹7,000/-യ്ക്ക് മുകളിൽ ഉള്ള തുക അംഗങ്ങൾക്ക് പ്രതിമാസ വരുമാനമായി ലഭിക്കുന്നുണ്ട്.

**ഹരിതകർമ്മസേന റിവ്യൂ മീറ്റിംഗ്**

ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, സെക്രട്ടറി, നോഡൽ ഓഫീസർ അസി. സെക്രട്ടറി, വി.ഇ.ഒ എന്നിവർ ഉൾപ്പെടുന്ന സംഘം എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തുന്നുണ്ട്. മാലിന്യ നിർമാർജ്ജന സ്ക്വാഡ് പ്രവർത്തനങ്ങ® , യൂസർ ഫീ

കളക്ഷ® അവലോകനം, ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്ത® എന്നീ കാര്യങ്ങ® റിവ്യൂ മീറ്റിംഗി® ഉ® പ്പെടുത്തിവരുന്നു.

**പാരിസ്ഥിതിക ആഘാതം**

പൊതു സ്ഥലത്ത് മാലിന്യം വലിച്ചെറിഞ്ഞതായി പരാതി ലഭിച്ചതിനെ തുടർന്ന് വിവിധ സ്ഥലങ്ങളി® പരിശോധന നടത്തി ഹരിതചട്ട ലംഘനങ്ങളുടെ പിഴ ഇനത്തിൽ ₹1,36,000/- ലഭിക്കുകയും, ടി വ്യക്തിക® /സ്ഥാപനങ്ങ® ക്ക് കർശന താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്.

**പരിശീലനവും വികസനവും**

കുടുംബശ്രീ മിഷൻ, കില എന്നീ സ്ഥാപനങ്ങൾ വഴി ഹരിതകർമ്മ സേനാംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഹരിതമിത്രം ആപ്പ് സംബന്ധിച്ച് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ മാസവുമുള്ള റിവ്യൂ മീറ്റിംഗി® ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാർ ആരോഗ്യകാര്യങ്ങളിലുള്ള ബോധവ® കരണവും നടത്തിവരുന്നു.

**പൊതു നിർദ്ദേശങ്ങൾ**

1. ഹരിതമിത്രം ആപ്പ് പൂർണ്ണസജ്ജമാക്കി യൂസർ ഫീ പിരിവ് 100 ശതമാനത്തിലേക്കെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

3. പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് പകരം തുണികൊണ്ടുള്ള ക്യാരിബാഗുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

**1-11 തൊഴിൽ നികുതി അപാകതകൾ**

ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/06.12.2024) ലഭ്യമാക്കിയ മറുപടി പരിശോധിച്ച് ഓഡിറ്റ് പരാമർശം ചുവടെ ചേർക്കുന്നു.

1)താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ജീവനക്കാരുടെ നികുതി ഈടാക്കിയിരിക്കുന്നത് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3 ലെ പട്ടികയിൽ നൽകിയിരിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലല്ല എന്ന് കാണുന്നു. തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുക അടവാക്കുന്നതിന് സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതും രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. തുക അടവാക്കുന്ന മുറക്ക് രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | റിട്ടേൺ പ്രകാരം ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | രസീത് നം | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| സപ്ലൈക്കോ മെഡിക്കൽ സ്റ്റോർ, കല്ലൂർക്കാട് | നീതു എം.ആർ | II | 1,26,250 | 1000 | 1230202819/ 18.03.2024 | 1250 | 250 |
| | ജോസ്മി ജോൺസൻ | | 1,26,250 | 1000 | | 1250 | 250 |

2)താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | സി.ഡി.എസ് അക്കൌണ്ടന്റ് | I |
| 2 | ടി.എസ് - 58, പെരുമാംകണ്ടം | I |
| 3 | ടി.എസ് - 38, പാലക്കുഴി | II |
| 4 | ടി.എസ് - 37, നാഗപ്പുഴ | II |

3)താഴെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി (Institution Tax) ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | പിഡിഡിപി മിൽക്ക് സൊസൈറ്റി, കല്ലൂർക്കാട് | II |

| | | |
|---|---|---|
| 2 | സപ്ലൈക്കോ | II |
| 3 | കല്ലൂർക്കാട് ഫാർമേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | II |
| 4 | മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | II |

ക്രമ നമ്പർ 2, 3 പട്ടികകളിലെ ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും എത്രയും വേഗം നികുതി ഈടാക്കി ഓഡിറ്റിന് രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. ആയത് അടവാക്കുന്ന മുറക്ക് രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

4) താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച ജീവനക്കാരുടെ തൊഴിൽനികുതി പിരിച്ചെടുത്ത് അടക്കുമ്പോൾ ഓഫീസ്/സ്ഥാപന ഉടമ സമർപ്പിക്കുന്ന പത്രികയിൽ ജീവനക്കാരുടെ ആരുടെയും അർദ്ധവാർഷിക വരുമാന വിവരങ്ങൾ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര് | ഉദ്യോഗപ്പേര് | അർദ്ധ വർഷം | റിട്ടേൺ പ്രകാരം ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | രസീത് നമ്പർ/ തീയതി |
|---|---|---|---|---|---|---|
| **മൂന്നുപൂക്കൾ ബ്രിക്സ്** | | | | | | |
| 1 | ബിൽസ് ഫ്രാൻസിസ് | തൊഴിലാളി | II | രേഖപ്പെടുത്തിയിട്ടില്ല | 180 | 1230202162/ 21.02.2024 |
| 2 | റിനി ബിൽസ് | തൊഴിലാളി | II | രേഖപ്പെടുത്തിയിട്ടില്ല | 180 | |
| 3 | അജാത് ഇസ്ലാം | രേഖപ്പെടുത്തിയിട്ടില്ല | II | രേഖപ്പെടുത്തിയിട്ടില്ല | 180 | 1230202161/ 21.02.2024 |
| 4 | ബഹറുൾ ഇസ്ലാം | രേഖപ്പെടുത്തിയിട്ടില്ല | II | രേഖപ്പെടുത്തിയിട്ടില്ല | 180 | |

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുമ്പോൾ റിട്ടേൺ പത്രികയിൽ അർദ്ധവാർഷിക വരുമാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും ആയത് പ്രകാരമുള്ള തൊഴിൽനികുതിയാണോ ജീവനക്കാരിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളത് എന്നും പരിശോധന നടത്തി മാത്രം തൊഴിൽനികുതി സ്വീകരിക്കേണ്ടതാണ്.

**1-12 ഷോപ്പിംഗ് കോംപ്ലക്സ് വാടക - അപാകതകൾ**

2023-24 സാമ്പത്തിക വർഷത്തിലെ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 23 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. കെട്ടിട വാടകയുടെ പരിശോധയിൽ ശ്രദ്ധയിൽപ്പെട്ട താഴെ ചേർക്കുന്ന അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/07.12.2024) ലഭ്യമാക്കിയ മറുപടി പരിശോധിച്ച് ഓഡിറ്റ് പരാമർശം ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ രൂപീകരിച്ചിട്ടുണ്ടെങ്കിൽ പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ബൈലോ തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി മുൻപാകെ സമർപ്പിട്ടുണ്ടെന്ന് മറുപടി നൽകി. പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിന് ശേഷം സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരുമായി നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമക്കേണ്ടതാണ്. എന്നാൽ വാടകക്കാരിൽ നിന്നും നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറുകൾ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ കെട്ടിട നമ്പർ, കരാർ തീയതി, കാലാവധി, വാടക തുക, വാർഷിക വർദ്ധനവ്, വാടക ഒടുക്കേണ്ട തീയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ കരാറുകളിൽ മേൽ വിവരങ്ങൾ രേഖപ്പെടുത്തുവാനും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

3.പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത്/നിലവിലുള്ള വാടകക്കാർക്ക് പുതുക്കി നൽകുന്നത് സംബന്ധിച്ചുള്ള ധനകാര്യ കമ്മറ്റി, ഭരണ സമിതി എന്നിവയിലെ തീരുമാനങ്ങളുടെ വിവരങ്ങൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല. ആയത് ഓഡിറ്റ് മുൻപാകെ സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകി. വാടകയുമായി ബന്ധപ്പെട്ട കമ്മിറ്റി തീരുമാനങ്ങളുടെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4. പഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യ പത്രികയിലെ (ബാലൻഷീറ്റ് B-15) വിവരങ്ങൾ പ്രകാരം കെട്ടിടങ്ങളുടെ വാടക ഇനത്തിൽ ആകെ ₹62,689/- (തൻവർഷ കുടിശ്ശിക ₹38,209/-, മുൻവർഷങ്ങളിലെ കുടിശ്ശിക ₹24480/-) പഞ്ചായത്ത് പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. 2023-24 വർഷത്തെ വാടക കുടിശ്ശികയിൽ ₹1061, ₹5840/- എന്നീ തുകകൾ 1240500051/30.04.2024, 1240500731/03.09.2024 രസീതുകൾ പ്രകാരം

അടവാക്കിയിട്ടുണ്ട്. 2023-24 വർഷത്തെ കുടിശ്ശികയിൽ ബാക്കിയുള്ള കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. വാടക ഇനത്തിലുള്ള കുടിശ്ശിക ഈടാക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | കെട്ടിട നമ്പർ | വാടകക്കാരൻ | കുടിശ്ശിക വരുത്തിയ മാസം /കാലളവ് | കുടിശ്ശിക (ജി.എസ്.റ്റി ഒഴികെ) |
|---|---|---|---|---|
| 1 | XII/281 | പ്രജിത സുഭാഷ് | 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ | 17,196 (1433 X 12) |
| 2 | രേഖപ്പെടുത്തിയിട്ടില്ല | ജയേഷ് | 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ | 14,112 (1176 X 12) |
| ആകെ കുടിശ്ശിക | | | | 31,308 |

5)2022-23 ലെ B-15 പ്രകാരം വാടക ഇനത്തിൽ ₹24,880/- കുടിശ്ശിക രേഖപ്പെടുത്തിയിട്ടുണ്ട്. തൻവർഷത്തെ RP-45 പ്രകാരം ₹450/- കുടിശ്ശിക ഇനത്തിൽ വരവുണ്ട്. ആയത് പ്രകാരം തൻവർഷത്തെ കുടിശ്ശിക ഇനത്തിലെ ബാലൻസ് ₹24,430/- യാണ് വരേണ്ടത്. എന്നാൽ B-15 നിൽ ₹24,480/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ₹50/-യുടെ വ്യത്യാസം കാണുന്നു. ആയത് അടുത്ത സാമ്പത്തിക വർഷം B-15 നിൽ ക്രമീകരിക്കുന്നതാണെന്ന് മറുപടി നൽകി.

**<u>1-13 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് കുറവ് വന്ന ലൈസൻസ് ഫീസ് അടവാക്കി</u>**

1)ശ്രീ.ജെയ്സൺ മാനുവൽ, കപ്യാരുമലയിൽ, തഴവംകുന്ന് എന്ന വ്യക്തിക്ക് 400 പന്നികളെ വളർത്തുന്നതിനുള്ള ലൈസൻസ് (400660/RPTL20/GPO/2023/921(5) തീയതി : 01.04.2023) അനുവദിച്ചതിൽ, ക്ലാസ് V (എണ്ണം : 201-400) തരത്തിൽപ്പെടുന്ന പന്നി ഫാമിന് ഈടാക്കേണ്ട ലൈസൻസ് ഫീസിനത്തിൽ കുറവ് വന്ന ₹500/- 21/06.12.2024 നമ്പർ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് 1240200298/07.12.2024 നമ്പർ രസീത് പ്രകാരം ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കി.

2)6/317 B നമ്പർ കെട്ടിടം സഞ്ചയയിൽ പരിശോധിച്ചതിൽ ശ്രീ.മാണി ഉലഹന്നാ® , കപ്യാരുമലയി® മുണ്ടപ്ലാക്കൽ, തഴവംകുന്ന് എന്ന വ്യക്തിയുടെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മറ്റൊരു വ്യക്തിയുടെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ആയത് സംബന്ധിച്ചുള്ള അന്വേഷണക്കുറിപ്പിന് ക്ലറിക്കൽ പിശകുമൂലം 6/317 C കെട്ടിട നമ്പറിന് പകരം 6/317 A എന്ന് രേഖപ്പെടുത്തിയതാണെന്ന് മറുപടി നൽകി. ലൈസൻസ് അപേക്ഷകളിലെ കെട്ടിട നമ്പറുകൾ സഞ്ചയയിൽ പരിശോധന നടത്തി ആയത് ലൈസൻസിന് അപേക്ഷിച്ചിരിക്കുന്ന ഉപയോഗക്രമത്തിലുള്ളതാണെന്ന് ഉറപ്പുവരുത്തി മാത്രം ലൈസൻസ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>1-14 ലൈസൻസ് ഫീസ് അപാകതകൾ</u>**

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2023-24 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(23/07.12.2024) ലഭ്യമാക്കിയ മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി ലിസ്റ്റിലെ ക്രമ പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി തയ്യാറാക്കാത്തതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം തന്നെ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുന്നില്ല. ഓഡിറ്റിന് ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ 97 സ്ഥാപനങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 206 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. ആയത് തയ്യാറാക്കി പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

<u>2. റേഷ® കടകൾ, കള്ള് ഷാപ്പുക® എന്നിവയിൽ നിന്നും ലൈസ® സ് ഫീ ഈടാക്കിയിട്ടില്ല</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിലെ ക്രമ നം 149, 139 എന്നിവ പ്രകാരം റേഷൻ കടകൾക്കും കള്ള് ഷാപ്പുക® ക്കും പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് അവശ്യമാണ്. എന്നാൽ ലൈസ® സ് രജിസ്റ്റ® പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുക® എന്നിവയ്ക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ്

ഈടാക്കുന്നതിന് നോട്ടീസ് നൽകുന്നതാണെന്നും തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. ലൈസൻസ് ഫീ ഈടാക്കി രസീതിന്റ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3. ലൈസൻസ് അപേക്ഷയിലെ കെട്ടിട നമ്പറുകൾ സഞ്ചയയിൽ പരിശോധന നടത്തിയപ്പോൾ താഴെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്ന ഉപയോഗക്രമമല്ല സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

| കെട്ടിട നമ്പർ | ലൈസൻസ് നമ്പർ | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷയിലെ ഉപയോഗക്രമം | സഞ്ചയയിലെ ഉപയോഗ ക്രമം |
|---|---|---|---|---|
| V/144 M | 156 | ഇമ്മനുവൽ മിനി സൂപ്പർ മാർക്കറ്റ് | കോൾഡ് സ്റ്റോറേജ് & സൂപ്പർ മാർക്കറ്റ് | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ്, കൈത്തൊഴിൽ ഷെഡ് |
| XIII/27 A | 8 | റെഡ് ചില്ലി കാറ്ററിംഗ് സർവ്വീസ് | കാറ്ററിംഗ് സർവ്വീസ് | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ്, കൈത്തൊഴിൽ ഷെഡ് |
| XII/609 | 12 | അമല ഭാരത് ഗ്യാസ് | ഗ്യാസ് ഏജൻസി നടത്തുന്നതിന് | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ് |
| XI/118 | 13 | സെന്റ്.മേരീസ് ലബോറട്ടറി | ലബോറട്ടറി | പാർപ്പിടാവശ്യം |
| II/288 | 25 | കെ.ജെ അസോസ്സിയേറ്റ്സ് | വളം, കീടനാശിനികൾ സ്റ്റോക്ക് ചെയ്യുന്നതിനും വിൽപനയ്ക്കും | പാർപ്പിടാവശ്യം |
| II/289 | | | | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) - സ്വകാര്യാവശ്യതിനുള്ള ഓഫീസ് കെട്ടിടം |
| II/85 | 27 | ദേവിക ഫർണിച്ചർ മാർട്ട് | സ്റ്റീൽ, വുഡൻ ഫർണിച്ചറുകൾ വിൽപ്പന നടത്തുന്നതിന് | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപെട്ട കെട്ടിടങ്ങൾ |
| II/86 | | | | പാർപ്പിടാവശ്യം |
| II/91 | 26 | ദേവിക ഫർണിച്ചർ | സ്റ്റീൽ, വുഡൻ ഫർണിച്ചറുകൾ നിർമ്മാണവും വിൽപ്പനയും നടത്തുന്നതിന് | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപെട്ട കെട്ടിടങ്ങൾ |
| II/92 | | | | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപെട്ട കെട്ടിടങ്ങൾ |
| II/93 | | | | പാർപ്പിടാവശ്യം |

പഞ്ചായത്ത് അനുവദിച്ച ലൈസൻസ് രേഖയിലും ഡിമാന്റ് രജിസ്റ്ററിലും മേൽ കെട്ടിട നമ്പറുകൾ തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/07.12.2024) സഞ്ചയയിൽ മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതാണെന്നും ആയത് സംബന്ധിച്ചുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ ഒക്യുപെൻസി, ലൈസൻസ് അപേക്ഷ പ്രകാരമുള്ള ഉപയോഗക്രമത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിച്ച് സഞ്ചയയിൽ നിന്നുള്ള ഫോറം 6 ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. ലൈസൻസ് അപേക്ഷകളിലെ കെട്ടിട നമ്പറുകൾ സഞ്ചയയിൽ പരിശോധന നടത്തി ആയത് ലൈസൻസിന് അപേക്ഷിച്ചിരിക്കുന്ന ഉപയോഗക്രമത്തിലുള്ളതാണെന്ന് ഉറപ്പുവരുത്തി മാത്രം ലൈസൻസ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>1-15 മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ 6.26 ലക്ഷം രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു.</u>**

ആസ്തി ബാദ്ധ്യത കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച പല ഗ്രാന്റുകളും യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വെസ്റ്റേൺ ഗട്ട് വികസന ഫണ്ട് 320100186 | 200000 | 0 | 200000 | 0 | 200000 |
| നിർമൽ പുരസ്കാരം 320100191 | 101204 | 0 | 101204 | 0 | 101204 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വമിഷൻ ഗ്രാന്റ് 320100198 | 426894 | 0 | 426894 | 203670 | 223224 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 320200304 | 77278 | 0 | 77278 | 0 | 77278 |
| അദർ ഗവ. ഏജൻസീസ് 320300199 | 23979 | 0 | 23979 | 0 | 23979 |
| ആകെ നീക്കിയിരുപ്പ് | | | | | 625685 |

ഗ്രാന്റ് തുക വിനിയോഗിക്കാതെ തുടരുന്നതിന്റെ കാരണവും ഗ്രാന്റുകൾ ഏതേത് വർഷങ്ങളിൽ എന്ത് ആവശ്യങ്ങൾക്കായി ലഭിച്ചതെന്നും അതിൽ തുകകകൾ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/05.12.2024) കമ്മറ്റിത്തീരുമാനത്തിന് വിധേയമായി തുക ചെലവഴിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ലഭിച്ചിട്ടുള്ള ഈ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തുക തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

**1-16 മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച ഫണ്ട്- 9.25 ലക്ഷം വിനിയോഗിച്ചിട്ടില്ല.**

വാർഷിക ധനകാര്യപത്രികയിലെ ബി.4 ഷെഡ്യൂൾ പ്രകാരം മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മുൻവർഷങ്ങളിൽ റവന്യൂ/മൂലധന ചെലവുകൾക്കായി ഗ്രാമപഞ്ചായത്തിന് ലഭിച്ച ഫണ്ട് വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ശീർഷകം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ജോയിന്റെ വെഞ്ചർ -ക്യാപിറ്റൽ ജി. പഞ്ചായത്ത് 320700105 | 26963 | 0 | 26963 | 0 | 26963 |
| ജോയിന്റെ വെഞ്ചർ- റവന്യൂ ബ്ലോക്ക് പഞ്ചായത്ത് 320700204 | 56532 | 0 | 56532 | 0 | 56532 |
| ജോയിന്റെ വെഞ്ചർ- റവന്യൂ ജില്ല പഞ്ചായത്ത് 320700205 | 73959 | 0 | 73959 | 0 | 73959 |
| അദർ സ്പെസിഫിക്ക് ഗ്രാന്റ് റവന്യൂ- ജില്ല പഞ്ചായത്ത് 320700405 | 767194 | 0 | 767194 | 0 | 767194 |
| ആകെ നീക്കിയിരിപ്പ് | | | | | 924648 |

ഈ തുക ഏതെല്ലാം വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് വേണ്ടി ലഭിച്ചിട്ടുള്ളതാണെന്നും നിലവിൽ ഈ തുക ഏത് ബാങ്ക് അക്കൗണ്ടിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഫണ്ട് നാളിതുവരെ വിനിയോഗിക്കാതിരുന്നതിന്റെ കാരണവും സംബന്ധിച്ച വിശദീകരണവും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/05.12.2024) പഞ്ചായത്ത് കമ്മറ്റി തീരുമാനം കൈക്കൊണ്ട് ഈ തുകകൾ വിനിയോഗിക്കുവാൻ നടപടി സ്വീകരിക്കും എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എന്നാൽ സംയുക്ത പ്രോജക്ടിനായുള്ള ട്രഷറി അക്കൗണ്ടിൽ (നം.799011400000768) നിക്ഷേപിച്ചിരുന്ന തുകയാണെങ്കിൽ നിലവിൽ ഈ അക്കൗണ്ടിൽ നിന്നും തുക റിഡംപ്ഷനിലൂടെ ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. 03.04.2024 ലെ 22/2024/ധന. നമ്പർ സർക്കുലർ പ്രകാരം ജോയിന്റ് വെഞ്ചർ ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും റിഡംപ്ഷൻ നടത്തിയിട്ടുള്ള തുക റീഅലോട്ട് ചെയ്യില്ല എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ പഞ്ചായത്തിന് തുക തിരികെ ലഭിക്കുവാൻ സാധ്യത ഇല്ല.

ഈ തുകകൾ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽക്കൂട്ടിയിട്ടുള്ളതാണെങ്കിൽ ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് വേണ്ടി വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം അതാത് സ്ഥാപനങ്ങൾക്ക് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

**1-17 പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകിയ മുൻകൂർ - 2.23 ലക്ഷം രൂപ ക്രമീകരിച്ചിട്ടില്ല.**

വാർഷിക ധനകാര്യ പത്രികയിലെ ബി.18 ഷെഡ്യൂൾ പ്രകാരം താഴെ ചേർക്കുന്ന വിവിധ ശീർഷകങ്ങളിലായി നൽകിയ മുൻകൂർ തുക ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതായി കാണുന്നു.

| കോഡ് | ശീർഷകം | തുക |
|---|---|---|
| 460100199 | അദർ അഡ്വാൻസസ് | ₹34,560.00 |
| 460500501 | അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഓഫീസേഴ്സ് | ₹1,30,000.00 |
| 460509901 | അഡ്വാൻസ് ടു അദേഴ്സ് | ₹58,785.00 |
| ആകെ | | ₹2,23,345.00 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൌച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ മേൽ പരാമർശിത മുൻകൂറുകൾ ഇപ്രകാരം ക്രമീകരിച്ചിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണവും മുൻകൂർ ആരൊക്കെയാണ് കൈപ്പറ്റിയതെന്നും ആയത് നാളിതുവരെ ക്രമീകരിക്കാതിരുന്നവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/05.12.2024) ന് മുൻകൂറുകൾ 2024-25 വർഷത്തിൽ ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മുൻകൂറുകൾ ചട്ടപ്രകാരം ക്രമീകരിക്കുന്നതിനും അല്ലാത്തപക്ഷം ചട്ടപ്രകാരമുള്ള തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം തുടർനടപടികൾക്കായി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിലേക്ക് ശുപാർശ ചെയ്യുന്നു.

**1-18 നിക്ഷേപ പ്രവൃത്തികൾ- 8.68 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.**

വാർഷിക ധനകാര്യപത്രിക പ്രകാരം (ബി.18 ഷെഡ്യൾ) വിവിധ സ്ഥാപനങ്ങളിൽ പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളിൽ ഇനിയും പണി പൂർത്തീകരിച്ച് മുൻകൂർ നൽകിയ തുക ക്രമീകരിക്കാതെ ഉള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

**1. കേരള ജല അതോറിറ്റി**

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500201 | ₹7,00,000 | ₹2,00,000 | ₹6,60,451 | ₹2,39,549 |

ജല അതോറിറ്റിയിൽ നിക്ഷേപിച്ച തുകകളിൽ ഇനിയും പണി പൂർത്തീകരിച്ച് മുൻകൂർ നൽകിയ തുക ക്രമീകരിക്കാതെ 2.39 ലക്ഷം രൂപ ഉള്ളതായി കാണുന്നു.

**2. കേരള വൈദ്യുതി ബോർഡ്**

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500202 | ₹6,28,528 | 0 | 0 | ₹6,28,528 |

വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച 6.29ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് മുൻകൂർ നൽകിയ തുക ഇനിയും ക്രമീകരിക്കാനുള്ളതായി കാണുന്നു.

ഏതെല്ലാം വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് വേണ്ടിയാണ് ഈ തുകകൾ നിക്ഷേപിച്ചിട്ടുള്ളത് എന്ന വിവരം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.05/05.12.2024) ജല അതോറിറ്റിയോട് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച തുക വഴിയാഞ്ചിറ കുടിവെള്ള പദ്ധതിക്കായാണെന്നും ആയത് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതുമാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിക്ഷേപ പ്രവൃത്തികൾക്കായി തുക നൽകുമ്പോൾ കരാറിൽ ഏർപ്പെടേണ്ടതും നിശ്ചിത സമയത്തിനകം പൂർത്തീകരിച്ചില്ലെങ്കിൽ

സ്ഥാപനത്തിനെതിരെ ചട്ടപ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-19 മഴക്കാല പൂർവ്വ ശുചീകരണം- ശുചിത്വ മിഷന് വേണ്ടി വിനിയോഗിച്ച തനത് ഫണ്ട് തിരികെ ലഭിച്ചിട്ടില്ല- ₹1,50,000 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.**

ഓഡിറ്റ് വർഷത്തിൽ മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കായി രണ്ടു വൗച്ചറുകൾ പ്രകാരം ആകെ ₹1,50,000/- വിനിയോഗിച്ചിട്ടുണ്ട്. വിശദവിവരങ്ങളും ചെലവുമായി ബന്ധപ്പെട്ട അപാകതകളും ചുവടെ ചേർക്കുന്നു.

1. ശുചിത്വ മിഷൻ ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്നുള്ള മുൻകൂർ വിനിയോഗിച്ചത്.

| വൗച്ചർ നമ്പർ | തുക | ചെലവിന്റെ വിവരം |
|---|---|---|
| 22300183/ 03.06.2023 | ₹130,000.00 | 23-24 വർഷത്തെ മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡ് ഒന്നിന് ₹10000/- നിരക്കിൽ 13 വാർഡ് സാനിട്ടേഷൻ സമിതികൾക്ക് മുൻകൂറായി നൽകിയ വിഹിതം |

വാർഡ് സാനിട്ടേഷൻ സമിതികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മുൻകൂറായി തുക നൽകുകകയും ആയത് 460500501 എന്ന ശീർഷത്തിൽ ആസ്തിയായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക ബി.18 ഷെഡ്യൂൾ പ്രകാരം ഈ തുക വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നുണ്ട്. തദ്ദേശസ്വയം ഭരണ (ഡബ്ലിയു.എം.) വകുപ്പിന്റെ 08.03.2023 ലെ ഡബ്ലിയു.എം.3/38/2023- ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം ആരോഗ്യ ജാഗ്രത-പകർച്ചവ്യാധി പ്രതിരോധ യജ്ഞത്തിന്റെ ഭാഗമായി ശുചിത്വമിഷനിൽ നിന്നും ലഭിക്കേണ്ട വിഹിതം (വാർഡൊന്നിന് ₹10000.00) ലഭിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് മുൻകൂർ ചെലവഴിച്ച ഈ തുകയുടെ വിനിയോഗസാക്ഷ്യപത്രം സഹിതം ശുചിത്വ മിഷനോട് ആവശ്യപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. മേൽ വൗച്ചർ പ്രകാരം വാർഡ് തല സാനിട്ടേഷൻ സമിതികൾ കൈപ്പറ്റിയ തുക വിനിയോഗിച്ചതിന്റെ രേഖകൾ (മസ്റ്റർ റോളുകൾ, ബാങ്ക് പാസ്സ് ബുക്ക്) പരിശോധനയ്ക്കായി ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് വിശദീകരണവും രേഖകളും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (07/05.12.2024) നൽകിയതിന് ആയവ ലഭ്യമാക്കിയില്ല.

2. വാർഡ് 1, 12 എന്നിവയ്ക്ക് അധികമായി തനത് ഫണ്ട് വിനിയോഗിച്ചത്.

| വൗച്ചർ നമ്പർ | തുക | ചെലവിന്റെ വിവരം |
|---|---|---|
| 22300227/ 15.06.2023 | ₹20,000.00 | ശുചിത്വ മിഷൻ വിഹിതമായി നൽകേണ്ടിയിരുന്ന തുക തനത് ഫണ്ടിൽ നിന്നും 13 വാർഡുകളിലേക്ക് അനുവദിച്ച തുകയിൽ വാർഡ് 1 , 12 എന്നിവ പൂർണ്ണമായും വിനിയോഗിച്ച തീർത്തതിനാൽ തനത് ഫണ്ട് വിഹിതമായ ₹10000/- വീതം നൽകണമെന്ന് മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടതിനെ (കത്ത് നം.135/23/13.6.23) തുടർന്ന് മുൻകൂറായി അനുവദിച്ച തുക. |

ആദ്യം അനുവദിച്ച തുക വിനിയോഗിച്ചു എന്ന് കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിനിയോഗ രേഖകൾ ലഭ്യമായതായി കാണുന്നില്ല. വിനിയോഗരേഖകൾ പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതും മേൽ വൌച്ചർ പ്രകാരം നൽകിയിട്ടുള്ള ₹20,000/-യുടെ വിനിയോഗ രേഖകളും ഓഡിറ്റിനായി ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/06.12.2014) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗരേഖകൾ ഹാജരാക്കുവാൻ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

മേൽ പരാമർശങ്ങളുടെ സാധൂകരണത്തിന് വിധേയമായി ₹1,50,000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-20 അനർഹമായി വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷനുകൾ തിരിച്ചടവ്- നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.**

സ.ഉ.(കൈ) നം.97/2020/ധന/ 23.09.2020 നമ്പർ ഉത്തരവ് പ്രകാരം അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അവരിൽ നിന്നും പ്രസ്തുത തുക തിരിച്ച് പിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിലേക്ക് തിരികെ അടക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. മരണപ്പെട്ട പെൻഷൻകാരുടെ അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിനുശേഷം അനർഹമായി ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രസ്തുത തുക എല്ലാം സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നതിന് മരണപ്പെട്ട പെൻഷണറുടെ അവകാശികൾ / ബന്ധപ്പെട്ട ബാങ്കുകൾ എന്നിവർക്ക് ഗ്രാമപഞ്ചായത്ത് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നും ആയത് പ്രകാരം തുക അടവാക്കിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങളും ബന്ധപ്പെട്ട ഫയലുകളും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 23-24 വർഷത്തിൽ അനർഹമായി തുക മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഷ്കരിച്ചുകൊണ്ട് 02.08.2021 ൽ63/2021/ധന. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതുമൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. സർക്കാരിൽ നിന്നും ഇത്തരത്തിൽ നിർദ്ദേശം ഉണ്ടായിട്ടും മരണപ്പെട്ടവരെയും അനർഹരായവരെയും ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിൽ വീഴ്ചവരുത്തുന്നതായും ഇവർക്ക് പെൻഷൻ അയയ്ക്കുന്നതുവഴി ആ തുകയുടെ പലിശ കൂടി സർക്കാരിന് ബാധ്യതയുണ്ടാക്കുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നും ആകയാൽ അനർഹരായവരുടെ വിവരങ്ങൾ ശേഖരിച്ച് അവരെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനും അനർഹമായി വിതരണം ചെയ്ത തുക അടിയന്തിരമായി തിരിച്ച് പിടിച്ച് സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിനും സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 09.05.2022 ലെ ഡി.ഡി.പി. ഇകെഎം. 371/2022-ഡി.1. നമ്പർ കത്ത് നൽകിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ നൽകുന്നില്ല.

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന പെൻഷൻകരിൽ മരണപ്പെട്ടവർക്ക് അർഹതയില്ലാതെ വിതരണം ചെയ്യപ്പെട്ട പെൻഷൻ തുക എത്രയാണെന്നത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്ന ഫോർമാറ്റിൽ വിവരങ്ങൾ ക്രോഡീകരിച്ച്, തുക തിരികെ അടവാക്കുന്നതിനും അടവാക്കിയ വിവരം യു.ടി.ആർ. നമ്പർ സഹിതം പഞ്ചായത്തിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ആവശ്യപ്പെട്ട് ബന്ധപ്പെട്ട ബാങ്കുകൾക്ക് കത്ത് നൽകേണ്ടതാണ്.

| ക്രമ നം. | പെൻഷണറുടെ പേര് മേൽവിലാസം | പെൻഷൻ തരം | പെൻഷൻ ഐ.ഡി. നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | പെൻഷണർ മരണപ്പെട്ട തീയതി | അനർഹമായി അക്കൗണ്ടിലേക്ക് മാറ്റപ്പെട്ട തുക | സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ടിലേക്ക് അടവാക്കിയ വിവരം (യു.ടി.ആർ.നമ്പർ) |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

ഇതിനോടകം മരണപ്പെട്ട പെൻഷൻകാരുടെ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുകയോ ട്രാൻസ്ഫർ ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ അനന്തിരാവകാശികളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം പഞ്ചായത്ത് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധയിലിലേക്ക് ശുപാർശ ചെയ്യുന്നു.

**1-21 കുടിവെള്ള ടാപ്പുകൾ വിഛേദിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല-2,89,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| പ്രോജക്ട് | പൊതുടാപ്പുകൾ നിർത്തലാക്കൽ (126/24) | |
|---|---|---|
| അടങ്കൽ | ₹3,00,000/- | |
| ചെലവ് | ₹2,89,000/- | TRN 2312040...04340/ 16.03.24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | |

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18.4.2023 ലെ 20(3) -ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്തിൽ ഉള്ള 226 പൊതുടാപ്പുകളിൽ ആവശ്യമില്ലാത്ത പൊതുടാപ്പുകൾ റദ്ദാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം സംയുക്ത പരിശോധന നടത്തി 51 ടാപ്പുകൾ നിലനിർത്തി 175 ടാപ്പുകൾ റദ്ദാക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി ₹2,89,000/-യുടെ എസ്റ്റിമേറ്റ് കെ.ഡബ്ലിയു.എ. പഞ്ചായത്തിന് നല്കിയിട്ടുമുണ്ട് (എ.2/745/2018/14.09.2023). ഈ തുക ഗ്രാമപഞ്ചായത്ത് മേൽ പ്രോജക്ട് പ്രകാരം ജലഅതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ ചേർക്കുന്ന അപാകതകൾ കാണുന്നുണ്ട്.

1. പ്രവർത്തന രഹിതമായതും അവശ്യമില്ലാത്തതുമായ 175 പൊതുടാപ്പുകൾ വിഛേദിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായതായി കാണുന്നില്ല.

2. 175 പൊതുടാപ്പുകൾ ഒഴിവാക്കി ബാക്കി 51 ടാപ്പുകളുടെ വെള്ളക്കരം മാത്രമാക്കി പുതുക്കിയ വെള്ളക്കര ഡിമാന്റ് ലഭിച്ചതായി കാണുന്നില്ല.

3. നിക്ഷേപ പ്രവൃത്തി എന്ന നിലയിലാണ് ജല അതോറിറ്റിക്ക് തുക അനുവദിച്ചതെങ്കിലും ചെലവ് തുക പഞ്ചായത്ത് കണക്കുകളിൽ 460500201 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. അംഗീകൃത മോണിട്ടറിങ്ങ് സമിതി പ്രോജക്ട് നിർവ്വഹണം മോണിട്ടർ ചെയ്ത് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/05.12.2024) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ജല അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടി ഹാജരാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ പരാമർശങ്ങളുടെ സാധൂകരണത്തിന് വിധേയമായി ₹2,89,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-22 വീട് വാസയോഗ്യമാക്കൽ പ്രോജക്ട് ലക്ഷ്യം നേടിയില്ല.**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം ചെയ്ത വിവിധ വീട് വാസയോഗ്യമാക്കൽ പ്രോജക്ടുകൾ ലക്ഷ്യം നേടിയില്ല. പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0006/24, വീട് വാസയോഗ്യമാക്കൽ - SC |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | വികസന ഫണ്ട് എസ് സി പി - ₹400000/- |
| ചെലവ് | വികസന ഫണ്ട് എസ് സി പി - ₹200000/- |
| ബിൽ നമ്പർ | 198 /28-12-2023 = ₹200000/- |

പ്രോജക്ട് പ്രകാരം താഴെ ചേർത്ത നാല് ഗുണഭോക്താക്കൾക്ക് അഡ്വാൻസ് തുക ₹50000/- വീതം നൽകിയിട്ടുണ്ട്.

1) ശിവൻ.കെ.എം മുണ്ടൻ, കരിമ്പനക്കൽ, തഴവംകുന്ന്.പി.ഒ, കല്ലൂർക്കാട്

2) സുകു.വി.കെ, വടകരപ്പറമ്പിൽ, കല്ലൂർക്കാട്.പി.ഒ, കല്ലൂർക്കാട്

3) രാധ കുട്ടൻ, മലയാറ്റിപ്പറമ്പിൽ, തഴവാംകുന്ന്.പി.ഒ, പെരുമാങ്കണ്ടം

4) കുഞ്ഞ്, തൈയ്യാൻ, മനയ്ക്കപ്പറമ്പിൽ, കല്ലൂർക്കാട്.പി.ഒ, മണിയന്ത്രം

28/05/2022 ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/തസ്വഭവ 6.7.4 പ്രകാരം വീട് വാസയോഗ്യമാക്കൽ പ്രവൃത്തിക്ക് ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസീയർ സാക്ഷ്യപ്പെടുത്തണം. എന്നാൽ ക്രമനമ്പർ 2, 3 പ്രകാരം സൂചിപ്പിച്ചവർ ആയത് തയ്യാറാക്കിയിട്ടില്ല. കരാറിലേർപ്പെട്ടതിന് ശേഷമാണ് ആദ്യഗഡു മൂൻകൂർ നൽകേണ്ടത്. എന്നാൽ കരാറിലേർപ്പെടാതെയാണ് നാല് ഗുണഭോക്താക്കൾക്കും തുക അനുവദിച്ചത്. മുദ്രപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും യാതൊരു രേഖപ്പെടുത്തലും ഇല്ല. ലഭ്യമാക്കിയ രേഖകൾ പ്രകാരം മേൽ ഗുണഭോക്താക്കൾക്ക് നാളിത് വരെയും രണ്ടാം ഗഡു അനുവദിക്കുകയോ നിർമ്മാണം പൂർത്തീകരിച്ച് പ്രോജക്ട് ലക്ഷ്യം നേടുകയോ ചെയ്തിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് രേഖകൾ ലഭ്യമല്ല. മേൽ അപാകങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/06-12-2024) ക്രമ നമ്പർ 2, 3 ൽ സൂചിപ്പിച്ചവരുടെ വീട് നിർമ്മാണം നിലവിലും പൂർത്തീകരിച്ചിട്ടില്ലെന്നും ,എല്ലാ രേഖകളും ലഭ്യമാക്കിയാൽ മാത്രമാണ് ഫണ്ട് അനുവദിക്കുകയെന്നും മറുപടി ലഭ്യമാക്കി. ക്രമനമ്പർ 1, 4 ൽ സൂചിപ്പിച്ചവരുടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തികരിച്ച് വാല്യേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച നാല് ഗുണഭോക്താക്കളുടേയും വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി ഓവർസീയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെട്ട രേഖകൾസഹിതം വിവരം അറിയിക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0188/24, വീട് മെയിന്റനൻസ് - എസ്.ടി |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | വികസന ഫണ്ട് ടി എസ് പി - ₹109000/- |
| ചെലവ് | വികസന ഫണ്ട് ടി എസ് പി - ₹50000/- |
| ബിൽ നമ്പർ | 253 /16-02-2024 = ₹50000/- |

പ്രോജക്ട് പ്രകാരം രവി കുഞ്ഞപ്പൻ, പാറയിൽ, കല്ലൂർക്കാട്.പി.ഒ, മരുതൂർ എന്ന ഗുണഭോക്താവിന് അഡ്വാൻസ് തുക 50000/- നൽകിയിട്ടുണ്ട്. 28/05/2022 ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/തസ്വഭവ 6.7.4 പ്രകാരം ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസീയർ സാക്ഷ്യപ്പെടുത്തണം. എന്നാൽ ആയത് തയ്യാറാക്കിയിട്ടില്ല. ലഭ്യമാക്കിയ രേഖകൾ പ്രകാരം മേൽ ഗുണഭോക്താവിന് നാളിത് വരെയും രണ്ടാം ഗഡു അനുവദിക്കുകയോ നിർമ്മാണം പൂർത്തീകരിച്ച് പ്രോജക്ട് ലക്ഷ്യം നേടുകയോ ചെയ്തിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ച് വാല്യേഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് രേഖകൾ എന്നിവ ലഭ്യമല്ല. മേൽ അപാകങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/06-12-2024) ടിയാളുടെ വീട് മെയിന്റനൻസ് പൂർത്തിയാക്കി വാല്യേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. മേൽ ഗുണഭോക്താവിന്റെ വീട് മെയിന്റനൻസ് പ്രവൃത്തി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി ഓവർസീയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെട്ട രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

**1-23 ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് പ്രവർത്തനസജ്ജമായില്ല. - ₹2,04,900 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.**

സ.ഉ.(സാധാ) 2307/2021/ത.സ്വ.ഭ.വ./18.11.2021 നമ്പർ ഉത്തരവ് പ്രകാരം സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവ്വീസ് ചാർജ്ജ് ഇനത്തിൽ ₹1,35,700/-, എസ്.എം.എസ്. ചാർജ്ജ് ഇനത്തിൽ ₹7200/-, ക്യൂ.ആർ.കോഡിനായി ₹12000/-, ലാപ്ടോപ്പിനായി ₹50000/- എന്നിവ ഉൾപ്പെടെ ₹2,04,900/- കെൽട്രോണിന് നൽകുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ താഴെ ചേർക്കും പ്രകാരം പ്രോജക്ട് ഏറ്റെടുത്ത് തുക വിനിയോഗിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0169/24. ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | ₹2,04,900/- (വികസന ഫണ്ട് പൊതുവിഭാഗം സാധാരണവിഹിതം) |
| ചെലവ് | ₹2,04,900/- (വികസന ഫണ്ട് പൊതുവിഭാഗം സാധാരണവിഹിതം) |
| ബിൽ നമ്പർ | 332/24-03-2024 = ₹71,450/-<br>207/06-01-2024 = ₹71,450/-<br>208/06-01-2024 = ₹62,000/-<br>(കെൽട്രോണിന് നൽകിയത്) |

നിലവിൽ ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം എപ്രകാരം പ്രവർത്തിക്കുന്നു എന്നും പ്രസ്തുത മോണിട്ടറിങ്ങിനായി ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മറ്റിക്ക് റിപ്പോർട്ട് നൽകുകയോ ആയത് ആരോഗ്യസ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടും ആരോഗ്യസ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ മിനട്ട്സും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം.16/06.12.2024). ആയതിന് നിലവിൽ ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടില്ലെന്നും 90% പ്രവർത്തനക്ഷമമയെന്നും മോണിറ്ററിംഗ് ചെയ്യുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിയെയാണ് ചുമതലപ്പെടുത്തിയതെന്നും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കൽ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നുവെന്നും പൂർണ്ണമായിട്ടില്ലെന്നും ക്യൂ.ആർ.കോഡ് പതിപ്പിക്കൽ 100% ആയിട്ടില്ലെന്നും മറുപടി ലഭ്യമാക്കി.

ഫലപ്രദമായി മോണിട്ടറിങ്ങ് സംവിധാനം പ്രവർത്തനക്ഷമമാക്കി ആയതിന്റെ പ്രവർത്തന റിപ്പോർട്ട് ആരോഗ്യസ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനും ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കുന്നതിനും വിധേയമായി ₹2,04,900/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-24 ലൈഫ് ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ - പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0020/24, ലൈഫ് ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ എസ്.സി |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | വികസന ഫണ്ട് എസ്.സി.പി - ₹449090/- |
| ചെലവ് | വികസന ഫണ്ട് എസ്.സി.പി - ₹225000/- |
| യു.ടി.ആർ നമ്പർ | RBI0892470221931/ 26-03-2024 |

പ്രോജക്ട് പ്രകാരം ഓമന.കെ.എ , കോട്ടപ്പുറത്ത് വീട്ടിൽ, കല്ലൂർക്കാട്.പി.ഒ, കല്ലൂർക്കാട് എന്ന വ്യക്തിക്ക് വേണ്ടി ബ്രിജിറ്റ്, നീലനാൽപുത്തൻപുര, നീലനാൽ, ആയവന എന്നയാളിൽ നിന്നും സ്ഥലംവാങ്ങുന്നതിന് ₹2,25,000/- അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തുമായി കരാറിലേർപ്പെടാതെയാണ് തുക നൽകിയത്. ഓമന.കെ.എ യുടെ പേരിൽ ഭൂമി തീറാധാരം ചെയ്തതിന്റെ രേഖകൾ ലഭ്യമായി (ഭൂമി – മൂവാറ്റുപുഴ താലൂക്ക്, ഏനാനല്ലൂർ വില്ലേജ്, പഴയ സർവ്വേ നമ്പർ – 634, പഴയ സർവ്വേ സബ് ഡിവിഷൻ നമ്പർ – 1-17, വിസ്തീർണ്ണം – 1.21 ആർ, തരം – പുരയിടം). എന്നാൽ ടിയാളുടെ പേരിൽ ഭൂമി പോക്കുവരവ് ചെയ്ത രേഖകൾ, പൊസഷൻ സർട്ടിഫിക്കറ്റ്, എന്നിവ പരിശോധനക്ക് ലഭ്യമായില്ല. മേൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും നിലവിലും ഭൂമി പോക്കുവരവ് ചെയ്ത് പൊസഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെങ്കിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/05-12-2024) തുക കൈപ്പറ്റിയ ശേഷം ഓമന.കെ.എ വി.ഇ.ഓ ഓഫീസുമായി ബന്ധപ്പെട്ടിട്ടില്ലെന്നും ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചാൽ ലഭ്യമായിട്ടില്ലെന്നും ടിയാൾ നാട്ടിൽ വരാറില്ലെന്നും എസ്.സി പ്രൊമോട്ടർ മുഖേന ടിയാളെ കണ്ടെത്തി ലൈഫ് ഭവനത്തിന് കരാർ വെയ്ക്കുന്നതിനും എൻക്വയറിയിൽ സൂചിപ്പിച്ച രേഖകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. ഓമന.കെ.എ

യുടെ പേരിൽ മേൽ ഭൂമി പോക്കുവരവ് ചെയ്ത് ആയതിന്റെ രേഖകൾ, ടിയാളുടെ പേരിൽ ഉടമസ്ഥാവകാശം രേഖപ്പെടുത്തി പൊസഷൻ സർട്ടിഫിക്കറ്റ്, ടിയാളുമായി ഏർപ്പെട്ട കരാർ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-25 ഘടക സ്ഥാപനങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങൽ- നിർവ്വഹണത്തിലെ അപാകതകൾ- ₹14,625 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | | |
|---|---|---|
| പ്രോജക്ട് | ഘടക സ്ഥാപനങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങൽ (124/24) | |
| അടങ്കൽ | ₹60,000/- (സംരക്ഷണ ഗ്രാന്റ്- റോഡിതരം) | |
| ചെലവ് | ₹14,625/- | TRN 2312040...04427/23.3.24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | |

മേൽ പ്രോജക്ട് പ്രകാരം മേജോ ഹാർഡ് വെയേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 1000 ലിറ്റർ, 500 ലിറ്റർ കപ്പാസിറ്റിയുള്ള ഓരോ വാട്ടർ ടാങ്കുകൾ വാങ്ങിയിട്ടുണ്ട്. ടെണ്ടർ നിബന്ധന പ്രകാരം എല്ലാ നിരക്കുകളും ചാർജ്ജുകളും ഉൾപ്പെടെ ഒരെണ്ണം സപ്ലൈ ചെയ്യുന്നതിനുള്ള നിരക്കാണ് കോട്ട് ചെയ്യേണ്ടത്. ഇതിൻ പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മേജോ ഹാർഡ് വെയേഴ്സ്, 1000 ലിറ്റർ ടാങ്കിന് ₹9700/- യും 500 ലിറ്റർ ടാങ്കിന് ₹4850/- യുമാണ് ഓഫർ ചെയ്തത്. എന്നാൽ ടാങ്ക് സപ്ലൈ ചെയ്തപ്പോൾ ഇവ യഥാക്രമം ₹9750/-, ₹4875/- എന്നിങ്ങനെയാണ് ക്ലെയിം ചെയ്തിട്ടുള്ളത്. ഈ തുക തന്നെ അനുവദിക്കുകയും ചെയ്തു.

മേജോ ഹാർഡ് വെയേഴ്സ് നൽകിയിട്ടുള്ളത്, 12.03.24ലെ നമ്പർ രേഖപ്പെടുത്താത്തതും മഷികൊണ്ട് എഴുതിയതുമായ ഇൻവോയ്സാണ്. ഇതിൽ ജി.എസ്.ടി. ഉൾപ്പെടെയുള്ള തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് ക്രമപ്രകാരമുള്ള ഇൻവോയ്സ് അയി കാണുന്നില്ല. ഈ ഇൻവോയ്സ് സ്ഥാപനത്തിന്റെ റിട്ടേണുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. ടാങ്കുകൾ സ്റ്റോക്കിലെടുത്ത് ഇൻവോയ്സിൽ സ്റ്റോക്ക് എൻട്രി സാക്ഷ്യപത്രം രേഖപ്പെടുത്തുകയും ആയത് ഘടക സ്ഥാപനങ്ങൾക്ക് വിതരണം ചെയ്ത് അവരുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്തിട്ടില്ല. കൂടാതെ അംഗീകൃത മോണിട്ടറിങ്ങ് സമിതി പ്രോജക്ട് നിർവ്വഹണം മോണിട്ടർ ചെയ്ത് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുമില്ല.

ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/06.12.2024) സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്രമവിരുദ്ധമായ ഇൻവോയ്സിനെ കുറിച്ചോ അധികം നൽകിയ തുകയെക്കുറിച്ചോ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ₹14,625/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-26 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയത് സംബന്ധിച്ച്- രേഖകൾ ഹാജരാക്കിയില്ല**

| | |
|---|---|
| പ്രൊജക്ട് നം | 92/2024 |
| പ്രൊജക്ട് പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹1000000/- |
| ചെലവ് | ₹680000/- |
| നിർവ്വഹണം | അസി.സെക്രട്ടറി |

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ആകെ 31 പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. സ്കോളർഷിപ്പിനുള്ള അപേക്ഷയോടൊപ്പം പട്ടികജാതി വികസന ഓഫീസിൽ നിന്നും ഈ ആനുകൂല്യം നൽകിയിട്ടില്ല എന്ന സാക്ഷ്യ പത്രം വേണം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അപേക്ഷ ഫയലുകളിൽ മേൽ നിഷ്കർഷിച്ച സാക്ഷ്യ പത്രം ഇല്ലാതെയാണ് ആനുകൂല്യം നൽകിയത്. ആയതിന് വിശദീകരണം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം. 10/06.12.2024 ന് ലഭ്യമാക്കിയ മറുപടിയിൽ എസ്.സി.ഡി.ഒ.യിൽ നിന്നും സാക്ഷ്യപത്രം വാങ്ങി ഓഡിറ്റ് മുമ്പാകെ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. പ്രൊജക്ടുകൾ നിർവ്വഹണം നടത്തുമ്പോൾ, ഗുണഭോക്താവിന് ഇതിന് മുമ്പ് പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്നതിനുള്ള പരിശോധന അനിവാര്യമാണ്. ആയതിനാൽ മേൽ വിഷയത്തിൽ തുടർ പ്രൊജക്ടുകളിൽ മേൽ അപാകത വരാതെ ശ്രദ്ധിക്കേണ്ടതാണ്.

**1-27 ആശ്രയ പദ്ധതി - അനുവദിച്ച് തുക മുഴുവനും ചെലവഴിച്ചില്ല.**

| | |
|---|---|
| പ്രൊജക്ട് നം | 9/24 |
| പ്രൊജക്ട് പേര് | ആശ്രയ പദ്ധതി |
| അടങ്കൽ | ₹200000/-(വികസന ഫണ്ട് – ജനറൽ) |

| | |
|---|---|
| ചെലവ് | ₹200000/- (വികസന ഫണ്ട് – ജനറൽ)<br>ബിൽ നം. 65/22-08-2023 |
| നിർവ്വഹണം | അസി. സെക്രട്ടറി |

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ₹2,00,000/- അഗതികളുടെ ഭക്ഷണ കിറ്റ് വിതരണത്തിനായി കുടുംബശ്രീ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് 22-08-2023 ൽ ആണ് നൽകിയത്.ചെലവ് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, നൽകിയ തുകയിൽ ത്രിവേണി സൂപ്പർമാർക്കറ്റിൽ നിന്നും ഭക്ഷണ സാധനങ്ങൾ വാങ്ങിയതിന്റെ ചെലവായി ₹82,271/- (25-09-2023ൽ)യും, ₹82,444/-യും (26-10-2023) ചെലവഴിച്ചിട്ടുണ്ട്. ആകെ ₹164715/- യാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി ₹35,285/- രൂപ ചെലവഴിക്കാതെ സി.ഡി.എസ്. അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. തുക നൽകി ഒരു വർഷത്തിലേറെയായിട്ടും ആയത് പൂർണ്ണമായും വിനിയോഗിക്കുകയോ നീക്കിയിരുപ്പ് തുക തിരികെ അടവാക്കുകയോ ചെയ്തിട്ടില്ല. ഈ തുക മുൻകൂറായിട്ട് അനുവദിച്ചിട്ടും പഞ്ചായത്ത് കണക്കിൽ ആയത് അഡ്വാൻസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. 14.08.2023 ലെ നം.78/2023 പ്രകാരമുള്ള CDS ന്റെ കത്തിൽ ആശ്രയ ഗുണഭോക്താക്കൾക്ക് പോഷകാഹാര കിറ്റ് വിതരണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ ആവശ്യപ്പെട്ടത് പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. അഭ്യർത്ഥിച്ച തുക ലഭ്യമായിട്ടും മുഴുവൻ തുകയും ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമല്ല. മേൽ വിവരിച്ച അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ (9/06-12-2024)ന് ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ലഭിക്കുന്നതിന് കുടുംബശ്രീക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. ആശ്രയ പോലുള്ള പ്രൊജക്ടുകൾക്ക് വ്യക്തമായ പ്ലാനിങ്ങോടെ ആണ് നിർവ്വഹണം നടത്തേണ്ടത്. ചെലവഴിക്കാത്ത മേൽ തുക തിരികെ ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-28 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വർക്ക് – സാധനങ്ങൾ വാങ്ങിയതിന് ഒറിജിനൽ ബില്ലുകൾ ഇല്ല.**

2023-24 വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രൊജക്ടുകൾക്ക് സാധനങ്ങൾ വിതരണം ചെയ്ത ഫയൽ പരിശോധിച്ചതിൽ സിമന്റ് ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങിയതിന് സമർപ്പിച്ചിരിക്കുന്ന ബില്ലുകൾ യഥാർത്ഥ ബില്ലുകൾ അല്ല എന്ന് കണ്ടു. കോൺട്രാക്ടറുടെ സ്വന്തം പേരിൽ തയ്യാറാക്കിയ ബിൽ ആണ് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ളത്. വർക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ടിന്റെ പേര് | മെറ്റീരിയൽസ് സപ്ലൈ ചെയ്ത കോൺട്രാക്ടർ | കോൺട്രാക്ടർക്ക് നൽകിയ തുക (₹) |
|---|---|---|---|
| 1 | വാർഡ് -ചാറ്റു പാറ തോണിക്കുഴി റോഡ് സൈഡ് കോൺക്രീറ്റിംഗ് | എൽദോ കെ.എം | 183507.00 |
| 2 | വാർഡ് 2-മലനിരപ്പ് കുന്നേൽ കോച്ചിനേഴത്ത് താഴം റോഡ് കോൺക്രീറ്റിംഗ് (നിർമ്മാണം) | മൻസൂർ പി.എം | 108618.00 |
| 3 | വാർഡ് 13- കനാൽ ലിങ്ക് റോഡ് കോൺക്രീറ്റിംഗ് | മൻസൂർ പി.എം | 310968.00 |
| 4 | വാർഡ് 6- മുട്ടപ്പാടം നടപ്പാത കോൺക്രീറ്റിംഗ് | പ്രവീൺ വറുഗീസ് | 311300.00 |
| 5 | വാർഡ് 7-പത്തകുത്തി വള്ളിയ പാടം റോഡ് കോൺക്രീറ്റിംഗ് | എൽദോ കെ.എം | 236280.00 |

ഒറിജിനൽ ബിൽ ഇല്ലാതെ മെറ്റീരിയൽ വർക്കുകൾക്ക് തുക നല്കിയത് സംബന്ധിച്ച് വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/06-12-2024 ന് ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മ മൂലം സംഭവിച്ചതാണ് എന്നും മേലിൽ ആവർത്തിക്കില്ല എന്നും അറിയിച്ചിട്ടുണ്ട്. സാധനങ്ങൾ ഒറിജിനൽ ബില്ലുകൾ പ്രകാരം തന്നെ വാങ്ങി മെറ്റീരിയൽ വർക്കുകൾ ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-29 ഇ ടെണ്ടർ ഇനത്തിൽ ലഭിച്ച തുക ഗ്രാമ പഞ്ചായത്തിലേക്ക് സമയബന്ധിതമായി കൈമാറിയില്ല.**

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ സർക്കുലർ നം.ഡി.ബി./7942/2010/സി.ഇ./ത.സ്വ.ഭ.വ പ്രകാരം ഇ-ടെണ്ടർ ആവശ്യത്തിനായി അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിങ്ങ് വകുപ്പ് മേധാവികളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ കറണ്ട് അക്കൗണ്ട് തുടങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് 2017 ആഗസ്റ്റ് 31 നകം ചെയ്യേണ്ടതാണെന്നും

നിർദ്ദേശിച്ചിരുന്നു. കല്ലൂർക്കാട് ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം അക്കൗണ്ട് 21.11.2022 തീയതിയിൽ ആണ് ആരംഭിച്ചിട്ടുള്ളത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കല്ലൂർക്കാട് ശാഖയിൽ 41441200491 നമ്പർ പ്രകാരമുള്ള അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 01.04.2023 മുതൽ നാളിതുവരെയായി ഇ ടെണ്ടർ മുഖാന്തിരം ലഭിച്ച തുക ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറാതെ അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ് എന്ന് ബോധ്യപ്പെട്ടു. ഇപ്രകാരം തുക കൈമാറാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ കിട്ടേണ്ട തുക നഷ്ടമായിട്ടുള്ളതായും കാണുന്നു. തുക യഥാസമയം പഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറാതിരുന്നത് സംബന്ധിച്ച വിശദീകരണം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/06-12-2024 ന് ലഭ്യമാക്കിയ മറുപടിയിൽ, ഇ-ടെണ്ടർ തുക ഗ്രാമപഞ്ചായത്തിലേക്ക് നൽകുന്നതിനായി ചെക്ക് നം.741872/07-12-2024 നൽകിയതായി അറിയിച്ചിട്ടുണ്ട്. ഈ ടെണ്ടർ ഫീസിനത്തിൽ ലഭിക്കുന്ന തുകയും ഓരോ ഇ-ടെണ്ടർ കഴിയുമ്പോഴും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-30 നിർമ്മാണ പ്രവൃത്തികൾ കരാർ വ്യവസ്ഥയ്ക്ക് വിപരീതമായി വൈകി പൂർത്തീകരിച്ചു.**

1.

| | |
|---|---|
| പ്രൊജക്ട് നം. | 148/2024(സ്പിൽ ഓവർ) |
| പ്രൊജക്ട് പേര് | സബ് സ്റ്റേഷൻ റോഡ് മെയിന്റനൻസ് |
| അടങ്കൽ | ₹59388.00 |
| ചെലവ് | ₹33951.00 |
| ബിൽ നം. /തീയതി | 268/26-02-2024 |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | 25-01-2024 |
| പ്രവൃത്തി പൂർത്തിയാക്കേണ്ട കാലയളവ് | 4 മാസം |
| വർക്ക് ആരംഭിച്ച തീയതി | 04-02-2023 |
| വർക്ക് പൂർത്തിയായ തീയതി | 20-02-2024 |

കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത് 13 ാം വാർഡിൽ സബ് സ്റ്റേഷൻ റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തി 04-02-2023 ൽ തുടങ്ങി 20-02-2024 ൽ പൂർത്തീകരിച്ചിട്ടുണ്ട്(K.P.W.Formm23). സ്പിൽ ഓവർ ആയിട്ടാണ് ഈ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കിയത്. വർക്കിന്റെ സാങ്കേതിക അനുമതി പത്രിക (25-10-2022) പ്രകാരം 4 മാസം ആണ് പ്രവൃത്തി പൂർത്തിയാക്കാനായി നൽകിയിരിക്കുന്നത് . 25-01-2023 തീയതി കരാറുകാരനായ മൻസൂർ പി.എം. ന് സൈറ്റ് കൈമാറിയിട്ടുണ്ട്. പ്രവൃത്തിക്ക് വേണ്ടി 2023-24 വർഷം ചെലവഴിച്ചത് ആകെ ₹33951.00 രൂപയാണ്. വർക്ക് ഫയലിൽ അറ്റാച്ച് ചെയ്തിരിക്കുന്ന കരാർ ഉടമ്പടി പ്രകാരം 2023 ജനവരി 25 നാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ആയത് പ്രകാരം 2023 മെയ് 25 നകം വർക്ക് പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ വർക്ക് പൂർത്തിയാക്കിത് 20-02-2024 ലാണ്.

1. ഈ വർക്ക് 4 മാസത്തിനകം പൂർത്തിയാക്കാനാണ് കരാർ വച്ചിരുന്നത്. എന്നാൽ കാലാവധിക്കകത്ത് പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഇപ്രകാരം കാലാവധി ദീർഘിപ്പിച്ച് നൽകാൻ വേണ്ടി കരാറുകാരൻ സമർപ്പിച്ച അപേക്ഷ/കമ്മിറ്റി തീരുമാനം/കരാറുകാരനുമായി സപ്ലിമെന്ററി കരാർ വച്ചിട്ടുള്ളത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല.

2. പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധിയിൽ ആയത് പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്നും തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 10-08-2018 ലെ എ.സി.2/223/15 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പിഴ തുക ഈടാക്കിയതിന്റെ വിവരങ്ങൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 20/06-12-2024 ന് ലഭ്യമാക്കിയ മറുപടിയിൽ വെള്ളം സ്വകാര്യ സ്ഥലത്ത് കൂടി കടന്ന് പോകുന്നത് സംബന്ധിച്ച തർക്കം ഉണ്ടായത് കാരണമാണ് താമസിച്ചത് എന്നും കരാറുകാരന്റെ വീഴ്ചയല്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫയലിൽ മേൽ വിവരിച്ച വിഷയം സംബന്ധിച്ച് യാതൊരു രേഖയും ഇല്ലാത്തതും, വർക്ക് നീട്ടി വച്ചതിന് സപ്ലിമെന്ററി കരാർ വച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ കരാറുകാരനിൽ നിന്നും നിയമപ്രകാരമുള്ള ഫൈൻ ഈടാക്കേണ്ടതാണ്.
ചുവടെ ചേർക്കുന്ന പ്രൊജക്ടുകളുടെ വർക്കുകളുടെ പരിശോധനയിലും യഥാസമയം വർക്ക് പൂർത്തിയാക്കിയിട്ടില്ലാത്തതാണ്.

2.

| | |
|---|---|
| പ്രൊജക്ട് നം. | 155/24 |
| പ്രൊജക്ട് പേര് | പത്തകുത്തി കാവക്കാട് റോഡ് റീ ടാറിംഗ് |
| അടങ്കൽ | ആകെ 892913.00<br>തൻവർഷം - 173828.00 |

| | |
|---|---|
| ചെലവ് | 99984.00 |
| ബിൽ നം. /തീയതി | 183/21-12-2023 |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | 25-11-2022 |
| പ്രവൃത്തി പൂർത്തിയാക്കേണ്ട കാലയളവ് | 6 മാസം |
| വർക്ക് ആരംഭിച്ച തീയതി | 05-12-2022 |
| വർക്ക് പൂർത്തിയായ തീയതി | 25-11-2023 |
| കരാറുകാരൻ | മോൻസി എബ്രഹാം |

3.

| | |
|---|---|
| പ്രൊജക്റ്റ് നം. | 157/24 |
| പ്രൊജക്റ്റ് പേര് | പാറക്കാട്ടേൽ താഴം റോഡ് ചാറ്റുപാറ കണ്ണിയോട് റോഡ് |
| അടങ്കൽ | ₹804726.00<br>തൻവർഷം - ₹28426.00 |
| ചെലവ് | ₹28419.00 |
| ബിൽ നം. /തീയതി | 184/21-12-2023 |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | 25-11-2022 |
| പ്രവൃത്തി പൂർത്തിയാക്കേണ്ട കാലയളവ് | 6 മാസം |
| വർക്ക് ആരംഭിച്ച തീയതി | 05-12-2022 |
| വർക്ക് പൂർത്തിയായ തീയതി | 06-12-2-23 |
| കരാറുകാരൻ | മോൻസി എബ്രഹാം |

4.

| | |
|---|---|
| പ്രൊജക്റ്റ് നം. | 145/24 |
| പ്രൊജക്റ്റ് പേര് | ബഡ്സ് സ്കൂൾ അനുബന്ധ പ്രവർത്തനങ്ങൾ |
| അടങ്കൽ | ₹299932/- |
| ചെലവ് | ₹299932/- |
| ബിൽ നം. /തീയതി | 181/19-12-2023 |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | 19-01-2023 |
| പ്രവൃത്തി പൂർത്തിയാക്കേണ്ട കാലയളവ് | 4 മാസം |
| വർക്ക് ആരംഭിച്ച തീയതി | 29-01-2023 |
| വർക്ക് പൂർത്തിയായ തീയതി | 04-12-2023 |
| കരാറുകാരൻ | സൂരജ് പി ആർ |

മേൽ വർക്കുകൾ സാങ്കേതിക അനുമതി പത്രത്തിൽ പ്രതിപാദിക്കുന്ന തീയതിക്കകം പൂർത്തിയാക്കിയിട്ടില്ലാത്തതാണ്. കാലാവധി ദീർഘിപ്പിച്ച് നൽകാൻ വേണ്ടി കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ല. വർക്ക് പൂർത്തിയാക്കുന്നതിന് സമയം നീട്ടി നൽകാനുള്ള കമ്മിറ്റി തീരുമാനം ഫയലുകളിൽ ഇല്ല. കരാറുകാരനുമായി സപ്ലിമെന്ററി കരാർ വച്ചിട്ടില്ലാത്തതുമാണ്.

2. പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധിയിൽ ആയത് പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്നും തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 10-08-2018 ലെ എ.സി.2/223/15 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പിഴ തുക ഈടാക്കിയതിന്റെ വിവരങ്ങൾ മേൽ പ്രവൃത്തിയുടെ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. നിർമ്മാണ പ്രവൃത്തികൾ നിർവ്വഹണം നടത്തുമ്പോൾ പാലിക്കേണ്ട നിയമപരമായ കാര്യങ്ങൾ അനുവർത്തിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. കാലതാമസം വന്ന മേൽ പ്രൊജക്റ്റുകളിൽ, കരാറുകാരിൽ നിന്നും പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-31 മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു.**

ഗ്രാമപഞ്ചായത്തിന്റെ 1996-97 മുതൽക്കുള്ള 25ഓളം ഓഡിറ്റ് റിപ്പോർട്ടിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡം ആകയാൽ ആയവ തീർപ്പാക്കാതെ അവശേഷിക്കപ്പെടുന്നത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആശാസ്യമായ സ്ഥിതിവിശേഷം അല്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ) പ്രകാരം യഥാസമയം തന്നെ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയവ തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2023-2024 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൌണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജ ക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹1,60,000.00 | ലൈഫ് ഭവനപദ്ധതി എസ്.സി. | ₹1,60,000.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹3,40,000.00 | ലൈഫ് ഭവനപദ്ധതി എസ്.സി. | ₹3,40,000.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹24,000.00 | തരിശുനില നെൽക്കൃഷി | ₹24,000.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹87,600.00 | നെൽക്കൃഷി വികസനം - സ്ഥിരം ധനസഹായം | ₹87,600.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹2,00,000.00 | ലൈഫ് ഭവനപദ്ധതി ജനറൽ - സ്ഥലം വാങ്ങൽ | ₹2,00,000.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹5,00,000.00 | ലൈഫ് ഭവനപദ്ധതി ജനറൽ | ₹5,00,000.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹2,55,000.00 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | ₹2,55,000.00 | ₹0.00 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹3,00,000.00 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | ₹3,00,000.00 | ₹0.00 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹3,00,000.00 | പാലിന് സബ്സിഡി | ₹3,00,000.00 | ₹0.00 |
| ആകെ | | **₹21,66,600.00** | | **₹21,66,600.00** | **₹0.00** |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹24,000.00 | തരിശുനില നെൽകൃഷി | ₹24,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹18,750.00 | കാരുണ്യസ്പർശം -ഡയാലിസിസ് | ₹18,750.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹2,40,000.00 | ലൈഫ് ഭവനപദ്ധതി എസ്.സി. | ₹2,40,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹1,60,000.00 | ലൈഫ് ഭവനപദ്ധതി ജനറൽ | ₹1,60,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹2,00,000.00 | ലൈഫ് ഭവനപദ്ധതി എസ്.സി. | ₹2,00,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹85,000.00 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | ₹85,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹2,50,000.00 | പാലിന് സബ്സിഡി | ₹2,50,000.00 | ₹0.00 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹1,80,000.00 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | ₹1,80,000.00 | ₹0.00 |
| ആകെ | | **₹11,57,750.00** | | **₹11,57,750.00** | **₹0.00** |

**4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം**

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

**കേരള ജലഅതോറിറ്റി.**

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 23-24 | പൊതുടാപ്പുകൾ നിർത്തലാക്കൽ (126/24) | TRN 2312040...04340/ 16.03.24 | ₹2,89,000 | 0 | ₹2,89,000 |

മേൽ വിവരിച്ചത് പ്രകാരമുള്ള നിക്ഷേപം ബന്ധപ്പെട്ട നിക്ഷേപ ശീർഷകങ്ങളിലല്ല ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വാർഷിക ധനകാര്യപത്രികയിലെ ബി.18 പട്ടികയിൽ പൂർത്തീകരിക്കുവാൻ ബാക്കിയുള്ള നിക്ഷേപ പ്രവൃത്തികളിൽ ഇവ ഉൾപ്പെട്ടിട്ടുമില്ല.

**4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്**

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

**4-5 വായ്പ / വായ്പ തിരിച്ചടവ്**

| വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ₹46,80,075 | ₹45,80,000 | ₹92,60,075 | ₹12,85,260 | | ₹79,74,815 |

| തിരിച്ചടവിന്റെ വിവരം |
|---|

| ജി.ഒ.പ്രോജക്ട് | | തുക |
|---|---|---|
| നമ്പർ | പേര് | |
| 194/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹3,18,843 |
| 198/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹3,18,843 |
| 203/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹3,18,843 |
| 196/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹1,00,038 |
| 199/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹1,00,038 |
| 204/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹1,00,038 |
| 195/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ടി.എസ്.പി.) | ₹9,539 |
| 201/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ടി.എസ്.പി.) | ₹9,539 |
| 205/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ടി.എസ്.പി.) | ₹9,539 |
| **ആകെ** | | ₹12,85,260 |

**4-6 സ്ഥിരനിക്ഷേപങ്ങൾ**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 2021-22 | 1-14 | ₹6,250 | മനേജർ എസ്.ഐ.ബി. കല്ലൂർ | 1230200668/16.8.2023 | 190200401 |
| **ആകെ** | | | | | |

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 2(6) | 2006 –07 | 3.39.1 | മരാമത്തു പണികൾക്കും മറ്റും മുൻകൂർ കൈപ്പറ്റിയിട്ട് പണി പൂർത്തിയാക്കിയില്ല. | മറുപടി സമർപ്പിച്ചിട്ടുണ്ട്. |

**4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്തവിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | : | ₹2,82,42,965 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | : | ₹2,36,53,845 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹6,58,525 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | ₹1,50,000 | ശ്രീ.മാത്യൂ കെ.ടി. സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| 1-21 | ₹2,89,000 | ശ്രീ.മാത്യൂ കെ.ടി. സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| 1-23 | ₹2,04,900 | ശ്രീ.സന്തോഷ് പി.എം. വി.ഇ.ഒ. |
| 1-25 | ₹14,625 | ശ്രീ.മാത്യൂ കെ.ടി. സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| **ആകെ** | **₹6,58,525** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മാത്യൂ കെ.ടി. സെക്രട്ടറി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് | കൊച്ചുപുരയ്ക്കൽ, അടുക്കം പി.ഒ. കോട്ടയം. പിൻ -686580 |
| സന്തോഷ് പി.എം. വി.ഇ.ഒ. | വി.ഇ.ഒ. കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് | പാലക്കാട്ട് വീട്, മുണ്ടെൻമുടി.പി.ഒ., വണ്ണപ്പുറം, ഇടുക്കി |

**<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

| **ഓഡിറ്റ് റിപ്പോർട്ട് വർഷം** | **ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം** |
|---|---|
| 1996-97 | എൽ.എഫ്.ഇ (പി 5)769/07 തീ. 13.08.2009 |
| 1997-98 | എൽ.എഫ്.ഇ (പി 5) 84/03തീ. 05.11.2003 |
| 1998-99 | എൽ.എഫ്.ഇ (പി 5)379/07 തീ. 26.04.2008 |
| 1999-2000 | എൽ.എഫ്.ഇ (പി 5)856/01 തീ. 07.06.2002 |
| 2000-01 | എൽ. എഫ് .ഇ (പി 5)962/05 തീ.05.04.2006 |
| 2001-02 | എൽ. എഫ് .ഇ (പി 5) 1380/07 തീ.26.07.2008 |
| 2002-03 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(I) 2018/ 12.10.2018 |
| 2005-06 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(Iv) 2018/ 12.10.2018 |
| 2006-07 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(V) 2018/ 12.10.2018 |
| 2007-08 | എൽ.എഫ് .ഇ (പി 5)1628/08 തീ. 12.08.2009 |
| 2008-09 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(Vi) 2018/ 12.10.2018 |

| | |
|---|---|
| 2009-10 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(Vii) 2018/ 12.10.2018 |
| 2010-11<br>2011-12 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(Viii) 2018/ 12.10.2018 |
| 2012-13<br>2013-14 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(Ix) 2018/ 12.10.2018 |
| 2014-15 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(X) 2018/ 12.10.2018 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി8)41/17 തീ.31.01.2017 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി8)1400/17 തീ.27.11.2017 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി8)157/19 തീ.18.03.2019 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി8)345/20 തീ.16.03.2020 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി8)1806/2021, തീ. 06/04/2022 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(പി8)1807/2021, തീ. 06.04.2022 |
| 2021-22 | കെ.എസ്.എ.-ഇ.കെ.എം.(പി8)210/2023, തീ. 17.04.2023 |
| 2022-23 | കെ.എസ്.എ.-ഇ.കെ.എം.(പി8)1215/2023, തീ. 07.10.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 24-05-2024 and submitted on 31-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Kalloorkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kalloorkad Grama Panchayat as on 31-03-2024

**Date: 27/12/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Kalloorkad Grama Panchayat for the Year 2023-2024.

**1.Major Observations**

1. Lack of Panchayath Raj Budget rules adversely affecting budgetary control system.

**2.Other Observations**

1. Property tax figures do not match with the annual financial statements and Sanjaya figures.

2.Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included.

3. Cash Flow statement âÂÂ Net increase / decrease in cash flow do not match with difference between opening balance and closing balance.

4. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

5. CFC Grant closing balance differs between B.4 and B.17 Schedules.

6. An amount of 2.89 lakh deposited with KWA for dismantling public tap is not accounted in deposit head.

7. An amount of 2 lakh advance given to CDS for food kit for destitutes is not accounted in advance head.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്